
NOVEMBER 2022

# ma

BISHOP MOORE COLLEGE ALUMNI ASSOCIATION, MAVELIKARA



Ranked 58 NIRF 2022

*Congratulations...*

nirf

**BISHOP MOORE COLLEGE MAVELIKARA**

National Institutional Ranking Framework, Ministry of Education, Government of India

WASTE TO ENERGY

# AGRO BIO-ENERGY
## INDUSTRIES, MAVELIKARA

MANUFACTURES OF
PORTABLE BIO GAS PLANTS, AGRICULTURE IMPLIMENTS, SWIMMING POOLS
INCINERATORS, FIBER GLASS DESIGNER PLANTERS & LIGHTNING PROTECTION SYSTEMS

Approved Service provider for Solid Waste Management Govt. of Kerala

ISO 9001:2008 CERTIFIED COMPANY

WASTE TO ENERGY

## COOKING GAS FROM KITCHEN WASTE

**വീടും പരിസരവും മാലിന്യവിമുക്തമാക്കുവാൻ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.**

**ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൂ...**
**എൽ. പി. ജി. ലാഭിയ്ക്കൂ...**




ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ സ്ഥലം ഇല്ലെങ്കിൽ
**വിഷമിയ്ക്കേണ്ട....**
വെറും ഒരു ചതുരശ്ര മീറ്റർ സ്ഥലം മാത്രം മതി.

WE USE ADVANCED TECHNOLOGIES FOR OUR BIO- GAS PLANTS

Fore More Details : **Please Contact : 9400138662**

WASTE TO ENERGY

AGRO BIO-ENERGY
INDUSTRIES, MAVELIKARA

# എഡിറ്റോറിയൽ

ഹൃദയം കൊണ്ട് അടുത്തിരുന്നപ്പോഴും ശരീരംകൊണ്ട് അകലം പാലിക്കാൻ നിർബന്ധിതമായ നാളുകളാണ് കടന്നുപോയത്. മഹാമാരി പ്രതിസന്ധി തീർത്ത കാലത്ത്, 'മ'യുടെ പ്രസിദ്ധീകരണത്തിലും ഒരിടവേള സംഭവിച്ചു. ആ ദുരിതകാലം താണ്ടി ലോകം ഉയർത്തെഴുന്നേറ്റ ഘട്ടത്തിൽ കാലത്തിന്റെ മാറ്റത്തിനൊപ്പം 'മ'യും മുഖം മിനുക്കുകയാണ്. ചരിത്രത്തിലാദ്യമായി നമ്മുടെ പ്രസിദ്ധീകരണം ഇക്കഴിഞ്ഞ വിഷുവിന് ഡിജിറ്റൽ പതിപ്പായി പുറത്തിറങ്ങി. ഇത്തവണ ഒരു ചുവടുകൂടി കടന്ന് പ്രിന്റ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഒരേസമയം അവതരിപ്പിക്കുകയാണ്. പതിവുശൈലി വിട്ട് ഉള്ളടക്കത്തിലും സമഗ്രമാറ്റമെന്ന നിലപാട് വരും ലക്കങ്ങളിൽ പ്രതിഫലിച്ചു തുടങ്ങും.

പൂർവ്വവിദ്യാർഥികളുടെ സർഗാത്മക രചനാ വൈഭവങ്ങൾക്കു വേദിയൊരുക്കുക എന്ന ദൗത്യം 'മ' നിറവേറ്റി വരുന്നു. ഇതിനപ്പുറം വിലപ്പെട്ട അറിവുകൾ പങ്കുവയ്ക്കുന്ന കൈപുസ്തകമായും മ മാറേണ്ടതുണ്ട്. വിവിധ മേഖലകളിൽ തന്റേതായ ഇടം കണ്ടെത്തിയവരാണ് നാം ഓരോരുത്തരും. അതു സംബന്ധിച്ച അറിവും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിലൂടെ മറ്റുള്ളവർക്കും വഴികാട്ടാൻ നമുക്ക് സാധിക്കണം. ഇത്തരത്തിലുള്ള മാറ്റവും വരും ലക്കങ്ങളിൽ 'മ' യിൽ ഉണ്ടാവും.

ഒന്നര മാസത്തിനപ്പുറം നാം പുതുവത്സരത്തെ വരവേൽക്കാൻ ഒരുങ്ങുകയാണല്ലോ. 2023 മുതൽ വർഷത്തിൽ 'മ'യുടെ 3 ലക്കങ്ങൾ പുറത്തിറക്കാനാണ് തീരുമാനം. സാമ്പത്തിക ലാഭം ലക്ഷ്യം വയ്ക്കാതെയാണ് ഓരോ ലക്കവും പ്രസിദ്ധീകരിക്കുന്നത്. എന്നാൽ പ്രസിദ്ധീകരണ ചിലവ് അവഗണിക്കാനാവാത്ത ഘടകമായതിനാൽ സ്പോൺസർഷിപ്പുകൾ കണ്ടെത്താനുള്ള സഹായവും പ്രതീക്ഷിക്കുകയാണ്.

നമ്മുടെ മുഖമായി 'മ' തിളങ്ങുമ്പോൾ, അതിനു കരുത്തേകാൻ ഏവരും ഉണ്ടാകുമല്ലോ..!

സ്നേഹത്തോടെ
ടീം എഡിറ്റോറിയലിനു വേണ്ടി
**എസ്. ശരത്കുമാർ**
എഡിറ്റർ
കൺവീനർ, 'മ' & പബ്ലിസിറ്റികമ്മിറ്റി

**എഡിറ്റോറിയൽ**
■ ഡോ. ജേക്കബ് ചാണ്ടി ■ പ്രൊഫ. വി.സി. ജോൺ ■ കെ.ജി.മുകുന്ദൻ
■ ജോസഫ്. എസ് ■ എസ്. ശരത്കുമാർ ■ ബി. സോമശേഖരനുണ്ണിത്താൻ
■ കെ. എൽ. ഹരിബാബു ■ നബീർ അബ്ദുൾ കരീം

MA- the news letter/ Publication of Bishop Moore college Alumni Assiciation Mavelikara. Only for Internal Circulation.
Publishers name K.G. Mukundan (President)

# Bishop Moore College Alumni Association

## Office Bearers

| | | |
|---|---|---|
| Shri. K G Mukundan - | President | 9447274952 |
| Shri. Joseph S - | General Secretary | 9447254640 |
| Shri. B Somasekharan Unnithan - | Vice president | 9447389328 |
| Adv. K.Ramakrishnan Unnithan - | Vice President | 9846058440 |
| Dr. Sherly P Anand - | Vice President | 9495120695 |
| Shri. P K Thulasidas - | Joint Secretary | 9495383959 |
| Dr. Divya S - | Joint Secretary | 9567743553 |
| Shri. Sarath Kumar S - | Joint Secretary | 9745290121 |
| Shri. K L Haribabu - | Organising secretary | 9446869696 |
| Dr. Lynnette Joseph - | Treasurer | 9847103951 |

## Executive Committee Members

| | | |
|---|---|---|
| Prof. Koshy Ninan | | 9495052583 |
| Shri. P V Sivasankara Pillai | | 9847064311 |
| Shri. Eipe John | | 9447031872 |
| Shri. Mohammed Sherif | | 9388958134 |
| Shri. Vimalkumar V | | 9446024262 |
| Dr. Sabu George | | 9447895931 |
| Shri. Rajesh Thazhakara | | 9847054787 |
| Prof. M K Samuel | | 9446710679 |
| Adv . K R Muraleedharan | | 9447115630 |
| Shri. Alex K Koshy | | 9497258780 |
| Col. Hariprasad S | | 9916857757 |
| Dr. Narayanan Nair | | 9446422106 |
| Dr. C.Gopinatha Pillai | | 9447045333 |
| Brig.Dr V D Abraham | | 9441687771 |
| Shri. Moncy John | | 9495757709 |
| Shri. Santhosh Sankaran | | 9447032603 |
| Shri.Mohan Mavelikara | | 9447469243 |
| Shri. K A Muraleedharan | | 9447735785 |
| Smt. Mercy Paul | | 9809307394 |
| Ms. Greeshma S | | 7025164301 |
| Shri. B Manu | | 9447482461 |
| Shri. Nabeer Abdul Kareem | | 9747612014 |
| Shri. P R Santhosh | | 9061221529 |
| Shri. G Vijayakumar | | 9562610020 |
| Smt. Leena Susan Koshy | | 8289852052 |
| Shri.Thomas Oommen | | 9446918622 |
| Dr. Ranjith Mathew Abraham - | Vice Principal | 9447958509 |
| Dr. Varughese Anie Kurien - | Staff Advisor | 9447418152 |
| Prof.Robert Raju | | 9496241136 |
| Adv.Stephen J Daniel | Bursar | 9446190883 |
| Prof. Yogesh Prasad | | 9497037377 |
| Prof.Siji K Mary | | 9496883739 |
| Pof. Merin George | | 9400203003 |
| Shri. John k John | | 9744104036 |
| Shri. George John | | 8281495709 |

| | | |
|---|---|---|
| Dr Jacob Chandy - | Principal and Patron | 9447430995 |
| Prof. V C John - | Chairman Advisory Board | 9447976684 |

## പ്രസിഡന്റിന്റെ പേജ്

**കെ. ജി. മുകുന്ദൻ**

**അ**ടുത്തറിയാൻ, അറിഞ്ഞു പെരുമാറാൻ അവസരം കുറഞ്ഞുവരുന്ന കാലം. ആത്മാർത്ഥതയും ആത്മവിശ്വാസവും നഷ്ടമാകുന്ന നാളുകൾ. അവഗണനയും വിഷാദവും ക്രൂരതയും ദുരന്തങ്ങളായി മാറുന്ന വാർത്തകളാൽ സമ്പന്നമാകുന്ന ദിനങ്ങൾ.

ശാസ്ത്രത്തിന്റെ അപാരമായ വളർച്ചയിൽ അഭിമാനം കൊള്ളുമ്പോഴും സുരക്ഷ എന്നത് ചോദ്യചിഹ്നമായി മാറുകയാണ്.

ആമുഖമായി ഇത്രയും കുറിച്ചത് കൂടുതൽ അസ്വസ്ഥതകൾ ഉണ്ടാക്കാനല്ല. നന്മയും തിന്മയും ഗുണവും ദോഷവും തുടങ്ങി എല്ലാറ്റിനും എല്ലാക്കാലത്തും പോസിറ്റീവും നെഗറ്റീവും ഉണ്ടായിരുന്നു. ഓണാട്ടുകരക്കാരന്റെ ഭാഷയിൽ 'വിള' ഉള്ളിടത്ത് 'കള'യും നിശ്ചയം. എന്നാൽ മുൻകാലങ്ങളിൽ 'കള'യേക്കാൾ 'വിള' ഏറി നിന്നിരുന്നെങ്കിൽ ഇന്ന് സ്ഥിതി വ്യത്യസ്തം. കള നശിപ്പിക്കാൻ മുമ്പൊക്കെ കാര്യമായ ശ്രമം ഉണ്ടായിരുന്നെങ്കിൽ ഇന്ന് അക്കാര്യത്തിലും കരുതലോടെയുള്ള പ്രവർത്തനം കമ്മി. ഇവിടെയാണ് ഉദ്ദേശശുദ്ധിയോടെ, നടത്തുന്ന കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രസക്തി ഏറുന്നത്. മൂർ കുടുംബത്തിലെ പൂർവ്വ വിദ്യാർത്ഥി സംഘടന അത്തരമൊരു കൂട്ടായ്മയാണ്.

പല കാലങ്ങളിൽ പഠിച്ചിറങ്ങിയവർ ജീവിതത്തിന്റെ സമസ്ത മേഖല യിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയു ന്നു. ഭരണ രംഗത്തും കലാ-സാംസ്കാരിക രാഷ്ട്രീ യ വിദ്യാഭ്യാസ ആത്മീയ രംഗങ്ങളിലൊക്കെ ശോഭിക്കുന്നവർ ഏറെയുണ്ട്. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നത പദവിയിലിരിക്കുന്നവരും വിരമിച്ചവരുമുണ്ട്. തൊഴിൽ രഹിതർ മുതൽ ഉദ്ദേശിച്ച നിലയിൽ എത്താൻ കഴിയാത്തവരും കൂട്ടത്തിൽ കുറവല്ല. ഇവരെയെല്ലാം വലിപ്പച്ചെറുപ്പമില്ലാതെ കലാലയ ജീവിതത്തിന്റെ മറക്കാനാവാത്ത ഓർമ്മകളിലൂടെ ഒരുമിപ്പിക്കുകയെന്നതാണ് സംഘടനയുടെ ദൗത്യം. പരസ്പര സ്നേഹത്തോടെ, അന്യോന്യം ഉപകാരപ്പെടേണ്ടവരാ ണെന്ന ചിന്തയോടെ മുന്നോട്ടുപോകാൻ കഴിയുമ്പോൾ അത് ഈ കാലം ആവശ്യപ്പെടുന്ന പലതിനും മറുപടിയായി മാറും. സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതിബദ്ധതയുടെയും നിറവാർന്ന നിമിഷങ്ങളായി അതൊക്കെ മാറും.

കടന്നുപോകുന്ന വർഷത്തിൽ നമ്മുടെ കലാലയത്തിന് മികവിന്റെ തിളക്കമേറെയുണ്ട്. പ്രിൻസിപ്പലിന്റെ കത്തിൽ അക്കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. ഈ നേട്ടത്തിന് കോളേജുമായി ബന്ധപ്പെട്ട എല്ലാവരെയും ആത്മാർത്ഥമായി അനുമോദിക്കുന്നു. ഒപ്പം കൂടുതൽ നേട്ടങ്ങൾക്കായി പ്രവർത്തിക്കാനുള്ള പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.

കോവിഡിന്റെ ഭീകരമായ അവസ്ഥയ്ക്ക് നേരിയ ശമനം ഉണ്ടായശേഷം 2022 ജനുവരിയിലാണ് പുതിയ കമ്മിറ്റി നിലവിൽ വന്നത്. ഇതാദ്യമായി രൂപം നൽകിയ വിവിധ സബ് കമ്മിറ്റികളുടെ നേതൃത്വത്തിൽ എട്ടുമാസത്തിനുള്ളിൽ വ്യത്യസ്തങ്ങളായ 16 പ്രോഗ്രാമുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. സംഘടനാ പ്രവർത്തനം വിപുലമാക്കുന്നതിന്റെ ഭാഗമായി ചാപ്റ്ററുകൾ സജീവമാക്കാനും കൂടുതൽ ലൈഫ് മെമ്പേഴ്സിനെ ചേർക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പൂർവ്വ വിദ്യാർത്ഥികളായ എഴുത്തുകാരുടെ സംഗമം നവംബർ 12ന് കോളേജിൽ നടക്കും. പണി പൂർത്തിയായി വരുന്ന കോളേജ് ലൈബ്രറി കെട്ടിടത്തിൽ പ്രിൻസിപ്പലച്ചന്റെ സ്മരണയിൽ പ്രത്യേക ഇടം ക്രമീകരിച്ച് പൂർവ്വ വിദ്യാർത്ഥികളായ എഴുത്തുകാരുടെ പുസ്തകശേഖരമാക്കുന്നതിനും ആലോചനയുണ്ട്. പ്രിൻസിപ്പലച്ചന്റെ ചരമവാർഷികദിനത്തിൽ സ്നേഹഗുരുവന്ദനം പ്രഭാഷണം, സെമിനാർ എന്നിവ എല്ലാവർ ഷവും നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. ബിഷപ്പ് മൂർ കലാലയം നമുക്കൊരു വികാരമാണ്. ഈ മഹത്തായ സ്ഥാപനത്തിന്റെ മുദ്ര നമ്മളിൽ തന്നെ പതിഞ്ഞിട്ടുണ്ട്. ആ നന്മ കാലം ആവശ്യപ്പെടുന്നിടത്തൊക്കെ ഉദ്ദേശശുദ്ധിയോടെ വിനിയോഗിക്കാൻ കൂട്ടായി ശ്രമിക്കാം.

എല്ലാവർക്കും സ്നേഹവും നന്മയും നേരുന്നു.

## കാർട്ടൂൺ കവിതകൾ

**ഡോ.ചേരാവള്ളി ശശി**

### ഭൂമി പാതാളം

മനുഷ്യരെല്ലാരും ഒന്നുപോലെ സ്നേഹിച്ചു
വാഴുന്ന കാഴ്ചകൾ കണ്ടുപോകാൻ
മാവേലിയെത്തുന്നു; പേടിച്ചു പിൻവാങ്ങി
ഓടിയിരുട്ടിൽ മറഞ്ഞിടുന്നു.
മൂവടി മണ്ണ് യാചിക്കുവാൻ പണ്ടൊരു
വാമനൻ മാത്രം; യിവിടെയിപ്പോൾ
നൂറായിരം വാമനന്മാർ അണിച്ചേർന്ന്
ഭൂമി പാതാളമായി മാറ്റിടുന്നു !

### ഡിജിറ്റൽ ഓണം

ഓണം വരുന്നു തമിഴ്നാട്ടിലെ, വിഷം
പൂണും മലക്കറി മേളയുണ്ടേ.
നാലു ദിവസവും ചാനൽ സിനിമതൻ
ചൂടുള്ളൊരായിരം കാഴ്ചയുണ്ടേ
ഏറെക്കൊഴുക്കാൻ വിദേശ റം, ബ്രാണ്ടി, ബീർ
കൂടും തലപന്തിനോളമുണ്ടേ !
ചൂടൻ ബിരിയാണി ഫാസ്റ്റ് ഫുഡ് സദ്യയ്ക്ക്
മാവേലി മന്നനും കൂടെയുണ്ടേ!!

## തുമ്പപ്പൂവിനെ കണ്ടവരുണ്ടോ

**കൃഷ്ണമൂർത്തി. ആർ**

തന്നുടെ പേരിന്നുടയോനായുള്ളൊരു
ഉണ്ണിയോടൊത്തു നല്ലോണമണഞ്ഞനാൾ
ഊഞ്ഞാലിലുയരത്തിൽ ചില്ലാടിപ്പറന്നതും
തുമ്പിതുള്ളിച്ചതും തലപന്തുകളിച്ചതും
പൂക്കൾ പറിച്ചതും പൂക്കളം തീർത്തതും
കെട്ടുകഥകൾതൻ കെട്ടൊന്നഴിച്ചുഞാൻ.
ഓണപ്പൂക്കളും കോളാമ്പിപ്പൂക്കളും നുള്ളവാൻ
മലകേറിനടന്നതും
ആമ്പൽപറിച്ചിട്ട് തോട്ടിൽകുളിച്ചതും
തുമ്പയുംകാക്കപ്പൂക്കളും നുള്ളി
പാടവരമ്പത്തു കൂവിനടന്നതും
എല്ലാമൊന്നൊന്നായി മൊഴിഞ്ഞത്
കേട്ടൊരെൻ ഉണ്ണിയും ശാഠ്യം പിടിച്ചു തുടങ്ങിനാൻ.
തുമ്പയും കാക്കപ്പൂവുകളുമവന്നന്നുതന്നെ
ഞാൻ കാട്ടിക്കൊടുക്കണം
അന്നേരം തുടങ്ങിയഞ്ചാറു നാഴികയായ്
ആറ്റിൻ വരമ്പിൽ ഞാൻ
തിരയുന്നു തുമ്പയേ മാവേലിതൻ ചങ്കിനെ.
പണ്ടുഞാനുണ്ണിയായിരുന്നോരുനാളിലാ
വൈലോപ്പിള്ളിമാഷ് ചൊല്ലിയ കവിതയിൽ
പൂക്കളനവധിയുള്ളതിൽ നിന്നുമാ-
തുമ്പയേ മാവേലി മാറിലും തലയിലും
ഏറ്റതിൻ ഓർമ്മയിൽ
മാവേലിമക്കളും പൂക്കളത്തിന്റെയാ കേന്ദ്രമായ്
വച്ചൊരു ശ്രേഷ്ഠമാം
തുമ്പയെ തൊടിയിലും തേടി ഞാൻ.
ഇല്ല പേരിന്നുപോലുമൊരുതല കണ്ടതേയില്ലിവിടെ
തുമ്പക്കൊടിയിനെ.
എവിടെതിരിഞ്ഞങ്ങു നോക്കിയവർക്കെല്ലാം
ഒട്ടും തിരയാതെ തെല്ലും കുറയാതെ
കൊതുകിനെആട്ടുവാൻ കെട്ടുകളായിട്ടും
മരുന്നിനുനീരായ്
നിറനാഴികണക്കിനും നല്കുവാനെന്നപോൽ
ചുറ്റും നിരനിരപോലവേ
നിന്ന നീ മറന്നുവോയീമലയാളമണ്ണിനെ.
ഇന്നെവിടെ സത്യവ്യതനുടെ തോണിയിൽ
അല്ലെങ്കിൽനോഹയുടെ പെട്ടകത്തിലൊളിച്ചുവോ.
നാളെയൊരുവേള വീട്ടുമുറ്റത്തൊരു
ഔഷധസസ്യമായ് മാറിടുമല്ലെങ്കിൽ
ചട്ടിയിലലങ്കാരസസ്യമായ് നിന്നിടും.
അന്നെന്റെയുണ്ണിക്കു ചീട്ടെടുത്തു തുമ്പയെ
പ്രദർശനനഗറിലെ സസ്യമായ് കണ്ടിടാം
പൊന്നിൻ വിലയ്ക്കവിടെ പൂവൊന്നു വാങ്ങിടാം
ശീട്ടുമായ്ചെന്നിട്ടു
മരുന്നുകടകളിൽ പേറ്റന്റ് പേറിയയെണ്ണയായ് വാങ്ങിടാം
ഇന്നു ഞാനെന്റയുണ്ണിക്ക് കൈവെള്ളയിൽ അക്കമായ
പൂക്കളെ കാട്ടിയുറക്കിടാം.

# പ്രിൻസിപ്പലിന്റെ കത്ത്

**ബി**ഷപ്പ് മൂർ കോളേജ് മാവേലിക്കര പലവുരു പറഞ്ഞു പതിഞ്ഞ നാമം. ആയിരങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ നവധരണികൾ തെളിച്ചുകൊടുത്ത കലാലയം. പൂർവ്വ വിദ്യാർത്ഥികളാൽ ഇത്രയധികം സ്നേഹിക്കപ്പെടുന്ന മറ്റു കലാലയങ്ങൾ അധികമുണ്ടാകാൻ വഴിയില്ല. പഠനം കഴിഞ്ഞ് പുറത്തു പോയാലും വീണ്ടും വരണമെന്ന് മനസ്സിൽ കുറിച്ചിട്ടാവും ഓരോ വിദ്യാർത്ഥിയും പടിയിറങ്ങി പോകുന്നത്. അതു തന്നെയാണ് ഈ കലാലയത്തിന്റെ കരുത്തും. എത്രയോ പൂർവ്വ ബാച്ചുകളാണ് കോളേജിൽ ഒത്തുകൂടണമെന്നാവശ്യപ്പെട്ട് എന്റെ ഓഫീസിനെ സമീപിക്കുന്നത്.

പൂർവ്വ വിദ്യാർത്ഥി സംഘടന ഈ കാലയളവിൽ ശ്രീ. കെ.ജി. മുകുന്ദന്റെ നേതൃത്വത്തിൽ ഊർജ്ജസ്വലമായി പ്രവർത്തിച്ചു വരുന്നതിൽ അതിയായി സന്തോഷിക്കുന്നു. നാടിന്റെ നാനാ ഇടങ്ങളിൽ മാത്രമല്ല ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ധാരാളം ചാപ്റ്ററുകളാണ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. അവകൾക്കൊപ്പം പൊതുപൂർവ്വ വിദ്യാർത്ഥി സംഘടന യുമായുള്ള ബന്ധവും ഈ നാളുകളിൽ ശക്തിപ്പെടുന്നത് കാണുമ്പോൾ തികച്ചും നല്ലൊരു മുന്നേറ്റമായി അതിനെ വിലയിരുത്തുകയാണ്.

കോളേജ് ഈ നാളുകളിൽ അതിന്റെ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് രാജ്യത്ത് തന്നെ എണ്ണപ്പെട്ട കലാലയമായി മാറിയിരിക്കുന്നു. SAAC, NAAC എന്നിവയിൽ എ ഗ്രേഡ് ARICA റാങ്കിംഗ്, 2018 തുടങ്ങി 2020, 2021, 2022 വർഷങ്ങളിൽ ഇന്ത്യയിലെ മികച്ച 100 കലാല യങ്ങളുടെ പട്ടികയിൽ സ്ഥിരസാന്നിധ്യമായി കോളേജ് മാറിയിരിക്കുന്നു.

എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ ഇത്തവണ നിലവാരം മെച്ചപ്പെടുത്തുവാൻ നമുക്ക് സാധിച്ചു. **ഇന്ന് നാം രാജ്യത്ത് തന്നെ 58-ാമത്തെ മികച്ച കോളേജായി എണ്ണപ്പെട്ടിരിക്കുന്നു.** എന്നാൽ ക്വാളിറ്റി 58-ൽ തൃപ്തിപ്പെടുത്താനല്ല നമ്മോടാ വശ്യപ്പെടുന്നത്. രാജ്യത്തെ മികച്ച പത്ത് കലാലയ ങ്ങളുടെ ഉള്ളിൽ എത്തുക എന്ന ലക്ഷ്യമാണ് നമുക്ക് വേണ്ടത്. അതിനുള്ള ആന്തരികമായ ശേഷി നമുക്കുണ്ട്. അക്കാദമികമായ മികവ് നമുക്കുണ്ട്. എന്നാൽ നമുക്കുള്ള പരിമിതി നമ്മുടെ ഘടനാപരമായ ദൗർബല്യങ്ങളാണ്. ആവശ്യത്തിനു കെട്ടിടങ്ങളുടെ അഭാവം തുടർന്ന് വളരുവാനുള്ള നമ്മുടെ ശ്രമങ്ങളെ പുറകോട്ട് വലിക്കുകയാണ്. ബഹുമാന്യനായ കെ. സി.മാത്യു അച്ചന്റെ കാലത്തുണ്ടായ ഘടനാപരമായ സൗകര്യങ്ങൾക്ക് ശേഷം വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമേ നമുക്ക് വർദ്ധിപ്പിക്കാനായുള്ളൂ എന്നത് ദുഃഖകരമായ കാര്യമാണ്.

നമ്മുടെ ലൈബ്രറി പുസ്തക ബാഹുല്യം കൊണ്ട് ഇടുങ്ങിയ ഒരിടമായി മാറുന്നു എന്ന് കണ്ടതുകൊണ്ടാണ് പുതിയതൊന്നു പണിയുവാൻ തുനിഞ്ഞത്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പൂർത്തീകരണത്തിലേക്ക് എത്തണമെങ്കിൽ ഭാരിച്ച സാമ്പത്തിക ആവശ്യം മുൻപിലുണ്ട്. അധ്യാപകരും അനധ്യാപകരും പൂർവ്വഅധ്യാപകരും കൈയയച്ച് സഹായിക്കുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികൾ കോളജിനെ സഹായിക്കേണ്ട സന്ദർഭവും സമയവുമാണിത്. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ചട്ടക്കൂടിനുള്ളിൽ പിടിച്ചു നിൽക്കണമെങ്കിൽ ഇത്തരം വികസന പ്രവർത്തനങ്ങൾ ഉണ്ടായേ മതിയാകൂ. അടുത്ത ഇരുപത്തിയഞ്ചു വർഷത്തേക്കുള്ള മുന്നൊരുക്കം നാം ഇപ്പോൾ ചെയ്യണം. ഇല്ലെങ്കിൽ നാം പിൻതള്ളിപ്പോകും.

അതുകൊണ്ട് സ്വദേശത്തും വിദേശത്തുമുള്ള എല്ലാ പൂർവ്വ വിദ്യാർത്ഥികളോടും ഞാൻ പ്രിൻസിപ്പൽ എന്ന നിലയിൽ സഹായം അഭ്യർത്ഥിക്കുകയാണ്. പ്രിൻസിപ്പൽ എന്ന നിലയിൽ ആറാം വർഷത്തിലാണ് ഞാനിപ്പോൾ ഉള്ളത്. 2023 മാർച്ച് 31 ന് ഈ പടിയിറങ്ങുകയാണ്. എന്റെ കൂടി ഗുരുനാഥനായ അഭിവന്ദ്യനായ കെ.സി. മാത്യു അച്ചനെ സ്നേഹത്തോടെ ഓർക്കുന്നു. എനിക്ക് നൽകിയിട്ടുള്ള എല്ലാ പിന്തുണയ്ക്കും ആദരവുകൾക്കും നന്ദി അർപ്പി ക്കുന്നു. സംഘടന ഊർജ്ജസ്വലമാകുന്നതിൽ അഭിമാനിക്കുന്നു. എന്നും കോളേജിന്റെ പിൻപിൽ നിങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയുണ്ട്. ഈ നാളുകളിലെല്ലാം എന്റെ എല്ലാ ആശകളിലും പ്രതിസന്ധി കളിലും എന്നോടൊപ്പം നിൽക്കുന്ന സർവ്വശക്തനായ ദൈവത്തിനും നന്ദി കരേറ്റുന്നു. ഉയരങ്ങളിലേക്കുള്ള കോളേജിന്റെ സ്വാഭാവികമായ യാത്രയിൽ, ഈ പടവുകളിൽ അല്പസമയമിരുന്ന് ഇതിനെ നയിക്കാൻ ലഭിക്കുന്ന നിമിഷങ്ങൾ ദൈവ ദത്തമെന്ന് കരുതുന്നു.

എല്ലാവർക്കും നന്ദി

സ്നേഹത്തോടെ

**ഡോ. ജേക്കബ് ചാണ്ടി**

# ഓർക്കാൻ... ഓർമിക്കാൻ



ബിഷപ്പ് മൂർ കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആഫീസ് കോളേജ് ആഡിറ്റോറിയത്തിനോടു ചേർന്ന് പ്രിൻസിപ്പൽ ഡോ. ജേക്കബ് ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് കെ.ജി. മുകുന്ദൻ, ജന. സെക്രട്ടറി ജോസഫ്. എസ്, വൈസ്പ്രസിഡന്റുമാരായ ബി. സോമശേഖരനുണ്ണിത്താൻ, ഡോ, ഷേർലി പി. ആനന്ദ്, ജോ. സെക്രട്ടറിമാരായ പി.കെ. തുളസിദാസ്, ഡോ. എസ്. ദിവ്യ, എസ്. ശരത്കുമാർ ഓർഗനൈസിംഗ് സെക്രട്ടറി കെ. എൽ. ഹരിബാബു ട്രഷറർ ഡോ. ലിനറ്റ് ജോസഫ് ഉപദേശകസമിതി ചെയർമാൻ പ്രൊഫ. വി.സി.ജോൺ, വൈസ് പ്രിൻസിപ്പൽ ഡോ. രഞ്ജിത് മാത്യു ഏബ്രഹാം, പ്രൊഫ. കോശി നൈനാൻ അഡ്വ. കെ. ആർ. മുരളീധരൻ എന്നിവർ സമീപം.



യു.എ.ഇ ചാപ്റ്റർ സംഘടിപ്പിച്ച 'ചിതറിയ ഓർമ്മകളുടെ 22 വർഷം' ആഘോഷപരിപാടികൾ മുൻ ശബരിമല മേൽശാന്തി ജയരാജ്പോറ്റി ഉദ്ഘാടനം ചെയ്യുന്നു. ചലച്ചിത്ര നടി മീരാ നന്ദൻ, മജിഷ്യൻ സാമ്രാജ്, വയലാർ ശരത്ചന്ദ്രവർമ്മ ജന. സെക്രട്ടറി ജോസഫ്.എസ്, ചാപ്റ്റർ പ്രസിഡന്റ് പോൾ ജോർജ് പൂവത്തേരിൽ എന്നിവർ സമീപം.



പൂർവ്വ വിദ്യാർത്ഥിനി നിഷാ സുരേന്ദ്രന്റെ മകൻ ശിവശങ്കരന്റെ ചികിത്സയ്ക്കായി സമാഹരിച്ച തുക പ്രസിഡന്റ് കെ. ജി. മുകുന്ദൻ കൈ മാറുന്നു



മാവേലിക്കര ബിഷപ്പ് മൂർ ബാസ്ക്കറ്റ് ബോൾ അക്കാദമിയുടെ നേതൃത്വത്തിൽ വനിതാഹോസ്റ്റൽ ഗ്രൗണ്ടിൽ നടന്ന ബാസ്ക്കറ്റ് ബോൾ പരിശീലനത്തിൽ പങ്കെടുത്ത സ്കൂൾ വിദ്യാർത്ഥികൾക്കൊപ്പം പൂർവ്വ വിദ്യാർത്ഥി സംഘടനാ ഭാരവാഹികളും.

## ജനറൽ സെക്രട്ടറി റിപ്പോർട്ട്

ബഹുമാന്യരെ, സുഹൃത്തുക്കളെ,

"മാവേലി നാടുവാണിടും കാലം മാനുഷ്യരെല്ലാരും ഒന്നുപോലെ" മലയാളിയുടെ ഓണ സങ്കല്പത്തിലെ ഏറ്റവും സുന്ദരമായ ഗാനം.

ഇന്ന് നാം ഒന്നല്ല ഒരുപാടായി വളർന്നിരിക്കുന്നു. എങ്കിലും വർഷത്തിലൊരിക്കൽ ഈ ഗാനം പാടി ആ ഒന്നായിരുന്നകാലം സ്വപ്നം കണ്ട് ഓണം ആഘോഷിക്കുന്നു.

സാമൂഹ്യ ജീവിതത്തിൽ എന്നെങ്കിലും അത്തരത്തിലുള്ള ഒരു ഒന്നായകാലം ഉണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും അത് നമ്മുടെ വിദ്യാഭ്യാസകാലമാണ്.

ഓണപ്പാട്ടിനെ പോലെ തന്നെ ഇനി ഒരിക്കലും തിരിച്ചു കിട്ടാത്ത ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും, മധുര സ്മരണകൾ അയവിറക്കുന്നതിനും ഇതുപോലെയുള്ള പൂർവ വിദ്യാർഥി കൂടിച്ചേരലുകൾ സഹായിക്കും.

ഇത്തരത്തിൽ സംവേദിക്കുന്നതിനു വേണ്ടിയാണ് 'മാ'പോലെയുള്ള പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചത്. ഒരു ചെറിയ ഇടവേളയ്ക്ക് ശേഷം 'മാ'യുടെ ഒരു ഡിജിറ്റൽ പതിപ്പ് കഴിഞ്ഞ വിഷുവിന് നാം പ്രസിദ്ധീകരിച്ചിരുന്നു.

പ്രിന്റ് രൂപത്തിലും ഡിജിറ്റലായും പുതിയ ഒരു പതിപ്പ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ സന്തോഷിക്കുന്നു.

ഇനി അല്പം സംഘടനാ കാര്യം... കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങൾ വളരെ സജീവമായി മുന്നോട്ടു പോകുന്നു. മാസത്തിൽ രണ്ടു പരിപാടികൾ വച്ച് ഓൺലൈനായി നടത്തി വരുന്നു. 47 എക്സിക്യൂട്ടീവ് അംഗങ്ങൾ കൂടാതെ വിവിധ സബ് കമ്മിറ്റികളും സജീവമായി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.

സാഹിത്യവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'പുസ്തക പെരുമ' എന്ന പേരിൽ പൂർവ്വ വിദ്യാർത്ഥികളുടെ പുസ്തകങ്ങൾ പരിചയപ്പെട്ടതും കലാ വിഭാഗമായ 'കലാവല്ലരി'യുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികളും, അക്കാദമിക് കമ്മിറ്റിയുടെയും ഡോക്ടേഴ്സ് ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ നടന്ന വിവിധ വെബിനാറുകളും മറ്റൊരു പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്കും അവകാശപ്പെടാൻ സാധിക്കാത്തതാണ്.

ബിഷപ്പ്മൂർ ബാസ്ക്കറ്റ് ബോൾ അക്കാഡമിയുമായി സഹകരിച്ച് സ്പോർട്സ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. പബ്ലിക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് 'മ' പ്രസിദ്ധീകരിക്കുന്നത്. ചാപ്റ്റർ ഫോർമേഷൻ കമ്മറ്റിയുടെ പ്രവർത്തനങ്ങളും വളരെ സജീവമായി മുന്നോട്ടു പോകുന്നു. കല്ലുമല കൂടാതെ മാവേലിക്കരയിലും പുതിയ ചാപ്റ്റർ രൂപീകരിച്ചു കഴിഞ്ഞു. എറണാകുളത്തും ബംഗളൂരുവിലും മുംബൈയിലും ചാപ്റ്റർ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

നമ്മുടെ കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ അച്ചൻ ആയിരുന്ന കെ.സി. മാത്യു അച്ചന്റെ ഒന്നാം ചരമവാർഷികദിനമായിരുന്ന ജൂലൈ 23 ന് "സ്നേഹ ഗുരുസ്മരണ" എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ നമ്മുടെ പൂർവ്വ വിദ്യാർത്ഥിയും ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജ് മുൻ പ്രിൻസിപ്പലുമായ റവ. ഡോ. വൽസൻ തമ്പു അനുസ്മരണപ്രഭാഷണം നടത്തുകയുണ്ടായി.

നമ്മുടെ കോളേജ് NIRF റാങ്കിംഗിൽ ഇന്ത്യയിലെ മികച്ച 100 കോളേജുകളിൽ 58 -ാം സ്ഥാനത്ത് എത്തിയതിലുള്ള സന്തോഷം പങ്കുവെക്കുന്നതിനൊപ്പം അതിനുവേണ്ടി അക്ഷീണം പ്രവർത്തിച്ച പ്രിൻസിപ്പൽ ഡോ. ജേക്കബ് ചാണ്ടി സാറിനേയും സഹപ്രവർത്തകരേയും അഭിനന്ദിക്കാൻ കൂടെ ഈ അവസരം ഉപയോഗിക്കുകയാണ്.

ഈ കാലയളവിൽ പുതിയതായി ലൈഫ് മെമ്പർഷിപ്പ് എടുത്ത എല്ലാ അംഗങ്ങളെയും അനുമോദിക്കുന്നു.

സംഘടനയുടെ പ്രവർത്തനത്തിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന എല്ലാ ഗുരുക്കന്മാരെയും അംഗങ്ങളേയും അഭിനന്ദിക്കുകയും തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുകയും ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

അടുത്ത ലക്കത്തിൽ വീണ്ടും കാണാം.

സസ്നേഹം,

**ജോസഫ്. എസ്**

# ഒരിത്തിരി വരച്ചിരിച്ചരിതം

**പ്രൊഫ. വി.സി. ജോൺ**

കാർട്ടൂണിനെക്കുറിച്ചല്ലേ ചോദ്യം. കേൾക്കുമ്പോ അത് ഏതാണ്ട് കപ്പപ്പുഴുക്ക് ഉണ്ടാക്കുന്നത് പോലെ വേഗം വരച്ചെടുക്കാവുന്ന ഒന്നെന്ന് തോന്നാം.

എണ്ണച്ചായവും അക്രിലിക്കും എന്തിന് വാട്ടർകളറും ക്രയോൺസും കൊണ്ടൊക്കെ വിസ്തൃത ക്യാൻവാസിൽ പ്രശസ്ത ചിത്രകലാ പ്രതിഭകൾ വരച്ചിടുന്ന ചിത്രങ്ങൾക്കേ ചിത്രകല യുമായി ബന്ധമുള്ളു എന്നാണല്ലോ വെയ്പ്പ്. കാർട്ടൂൺ ശൂദ്രവിഭാഗത്തിലാണത്രേ. ഹാസ്യകവി തകൾക്ക് വലിയ മാർക്കറ്റ് വാല്യു ഇല്ലാത്തതു പോലെ. സംസ്കൃതവൃത്തത്തിൽ വീരയോദ്ധാക്ക ളുടെ ചരിത്രം കുറിക്കുന്നതേ കവിതയായി കണക്കാക്കാവൂ എന്നു പറയുന്നതുപോലെ.

കലാസൃഷ്ടിക്ക് കാലദേശാന്തരങ്ങളൊ ന്നുമില്ല. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര വേർതിരിവുകളില്ല. മതഭേദങ്ങളില്ല. ഋതുഭേദങ്ങളില്ല. ഭാഷാവ്യതിയാനങ്ങളും ബാധകമല്ല.

പിന്നെങ്ങനെ കലാസൃഷ്ടി ഉണ്ടാവുന്നു? സ്വർഗ്ഗത്തിൽ നിന്ന് ഒരു തീപ്പൊരി നമ്മുടെയൊക്കെ സ്വപ്നശാലയ്ക്ക് തിരികൊളുത്തും. ഉദ്ഘാടനം കഴിഞ്ഞു. ക്രമേണ ആ ജ്വാല മനസ്സാകെ, ഹൃദയ മാകെ പടരും. കനലുകൾ നീറി നീറി കിടക്കും. ഉപകരണങ്ങൾ ഉറങ്ങാതെ ഉണർവോടെ, ഊർജ്ജ്വ സ്വലമായി പ്രവർത്തനനിരതമാവും. കലാസൃഷ്ടി ജനിക്കും. കാർട്ടൂൺ കലയിലും ഇതുതന്നെ സംഭവം. പക്ഷേ ഇത്തിരി ചില മുന്നൊരുക്കങ്ങൾ വേണം എന്നുമാത്രം. നൈസർഗികമായുള്ളവയും ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്നവയും. പ്രതിഭയും പ്രയത്നവും. സിദ്ധിയും സാധനയും. അതിനു തയ്യാറാക്കിയ വിളനിലങ്ങളിൽ മാത്രമേ പ്രചോദ നത്തിന്റെ തീപ്പൊരി വന്ന് പതിക്കൂ. ഇതെവിടെ കിട്ടും? അങ്ങാടി മരുന്നുകടയിലോ? അറവുശാല യിലോ? ആക്രി ശേഖരത്തിലോ?

എല്ലാ മാനവരിലും ഏതെങ്കിലുമൊക്കെ കഴിവുകൾ ഉറങ്ങിക്കിടപ്പുണ്ടാവുമെന്നാണ് വിദഗ്ദ്ധമതം. ഭാവനയുടെ ഉലയിൽ, മനുഷ്യഹൃദ യങ്ങളുടെ തീച്ചൂളകളിൽ അവ ഊതിജ്വലിപ്പി ക്കുകയെന്നതാണ് നമ്മുടെ കടമ. സൃഷ്ടികർത്താ വിന്റെ ചുമതല. സൃഷ്ടികൾക്ക് പിന്നിൽ 99% പെർസ്പിരേഷനും (വിയർപ്പ്) 1% ഇൻസ്പി രേഷനും (പ്രചോദനം) എന്നാണല്ലോ സർഗ്ഗധ നരായ സൃഷ്ടാക്കളുടെ മതം. രണ്ടും 'റേഷനാ' യാൽ സംഗതി പാളും.

കാർട്ടൂണിസ്റ്റിന്റെ (ചിരിവരയൻ? വരച്ചിരി യൻ? ഹാസ്യചിത്രകാരൻ?) കാര്യത്തിലും ഇതാണ് സംഭവിക്കുന്നത്. അയാൾക്ക് വിശാലവും അഗാധ വുമായ അറിവുണ്ടാവണം. വായനയിലൂടെയും ഒക്കെ അത് നേടിയെടുക്കാവുന്നതേയുള്ളു. അനുഭവജ്ഞാനം വേണം, ചരിത്രവും ഭൂമി ശാസ്ത്രവും, ഭാഷവേഷഭൂഷാദികളും കായിക വിനോദ പ്രക്രിയകളും, രാഷ്ട്രീയ മത സാഹചര്യ ങ്ങളും, കൃഷി രീതികളും , ആയുധ പരിജ്ഞാനവും കലയും സാഹിത്യവും, 'വളിപ്പും' 'കിളത്തലു' കളുമൊക്കെ അറിഞ്ഞിരിക്കണം.

പത്രമാസികാസരിത്തുകളിൽ നിന്നും അനുഭവജലാശയങ്ങളിൽ നിന്നും മത്സ്യങ്ങളെ യെന്നവണ്ണം ആശയം കൊത്തിയെടുക്കുന്നപൊന്മാ നാണ് ചിരിവരക്കാർ. മാത്രമല്ല അതിനെ പരുവപ്പെ ടുത്തിയെടുക്കണം. പാകമാകുന്നതു വരെ മനസ്സിലെ അടുപ്പിൽ വെച്ച് പാചകം ചെയ്യണം. ജനത്തിനുള്ള ഇഷ്ടഭോജനമായി മാറ്റിയെടുക്കണം.

അതിന് ക്രാഫ്റ്റ് വേണം 'വര'യും 'തലവര'യും വേണമെന്നുസാരം. ആശാരിമാ രെപ്പോലെ കല്ലിന്റെയും തടിയുടെയും ഉള്ളറി യണം. ഉളിയും കരണ്ടിയും ശരിയായി ഉപയോഗി ക്കാനറിയണം. ശരീരാവയവങ്ങളുടെ രൂപഭാവ ക്രമങ്ങളും പ്രവർത്തനരീതികളും മനസ്സിലാക്കി യിരിക്കണം. ഇത്തിരി വിയർപ്പ് ഒഴുക്കേണ്ടി വരു മെന്നർത്ഥം. വരയ്ക്കെ വരയ്ക്കെ വരയും തെളിയും എന്നാണല്ലോ ചൊല്ല്.

കാർട്ടൂണിസ്റ്റിനും വേറിട്ട പുൽമേടുക

(ശേഷം 9-ാം പേജിൽ)

# പകൽ മുറിയുമ്പോൾ.....

ദേവമനോഹർ

പകലഴിച്ചിട്ട വഴികളിലൂടെ നാം
ഒരുമ ചോരാതെ കവിതകളായതും
തരളമാനസ മധുരവർഷങ്ങളിൽ
ചിരി ചുരത്തി വസന്തം നുണഞ്ഞതും
വഴി പിരിയാതിരിക്കുവാ,നോർക്കുവാൻ
മിഴിയില,കതാരിലടയാളമാക്കി നാം.
ഇരുളൊളിക്കുന്ന സായന്തനം ദൂരെ
പകലറുതിയിൽ വെന്തുചോക്കുന്നതാ...
അതിലിരമ്പുന്ന ക്ഷണികവർണ്ണങ്ങളിൽ
തിരയൊടുങ്ങുന്ന വ്രണിതങ്ങളാണു നാം.
ഇവിടിറങ്ങുകീ പകലിൻ പടിയിൽ നീ
തിരികെ നീന്തുക, വിടപറയുന്നു ഞാൻ.
പകലു തോരുമഴിമുഖം താണ്ടുവാ -
നിരുവരൊരുമിച്ചു പോകാതിരിക്കണം.
അഴിമുഖങ്ങളിലണയാതിരിക്കുവാൻ
വഴി പിരിയണം, പാതി വഴിക്കു നാം.
മൊഴിയുമേതുപചാരവും തേങ്ങലി -
ന്നണകൾ പൊട്ടിച്ചു പ്രളയങ്ങളായിടാം.
തിരകൾ നൊന്തു ചിതറുന്ന വീഥിയിൽ
കദനമാണു നീയെന്നുമെന്നോർമ്മയിൽ

# നിശ്വാസം

**റ്റി.കെ. ജയപ്രകാശ്**

കാലങ്ങളെത്രയോ എണ്ണിത്തികച്ചു ഞാൻ
കർത്തവ്യം അനവധിയായ് നിർവ്വഹിച്ചു
സങ്കീർണമായുള്ള നിമിഷങ്ങളൊക്കവേ
നിശ്ചയദാർഢ്യത്താൽ അതിജീവനംചെയ്തു
കാലം വരുത്തുന്ന കോലങ്ങൾക്കപ്പുറം
കാലാനുവർത്തിയായ് മുന്നേറി നിന്നു ഞാൻ
ഞാനെന്ന ഭാവത്തെ ഉൾക്കൊണ്ടിടാതെന്നും
വിനീത വിധേയത്വം പേറി നിലക്കൊണ്ടു
മോഹവല്ലരികളിൽ അന്നു പുഷ്പിച്ചവ
കായായി, കനിയായി ഉതിർകൊണ്ടു വന്നുവോ
നിനച്ചവയൊക്കെയും സാദ്ധ്യമാകില്ലെന്നാലും
മോഹഭംഗങ്ങൾക്ക് ഇടവരാതായല്ലോ
മേലോട്ടു നോക്കി നാം ദു:ഖിതരാകാതെ
താഴേയ്ക്കു ദൃഷ്ടിപതിച്ച് സംതൃപ്തരാകുക
ജീവിതമെന്നൊരീ സമസ്യക്കു സമമായി
പരിഹാരം കണ്ടെത്തി നേരായ് ഗമിക്കുക
വിവിധങ്ങളായുള്ള വേഷങ്ങളാടുവാൻ
സജ്ജമാക്കീടൊരീ യവനികയ്ക്കുള്ളിലായ്
മടിയാതെ, ഇടറാതെ പദഗമനം ചെയ്ത്
സ്വന്തമായുള്ളോരു ഇടം കണ്ടെത്തിടേണം
സ്ഥായിയായ് സ്ഥാപിച്ച സ്തൂപങ്ങൾപോലും
ശാശ്വതമായി നിലക്കൊള്ളുമെന്നാകുമോ
ഹ്രസ്വമായുള്ളൊരീ ജീവിതചക്രത്തിൽ
മ്ലേച്ഛമല്ലാത്തോരിതിഹാസം രചിക്കുക.
മാഞ്ഞുപോയീടിലും മറക്കാതിരിക്കുവാൻ
നമ്മുടേതായോരു കൈയ്യൊപ്പ് ചേർക്കുക.

(൮-ാം പേജിന്റെ തുടർച്ച))

ളുണ്ട്, മേഞ്ഞുനടക്കാൻ. രാഷ്ട്രീയ കാർട്ടൂണുകളുടെ സൃഷ്ടാവാകട്ടെ, സാമൂഹികഹാസ്യചിത്രകാരന്മാരാകട്ടെ ട്രാജഡികളിലൂടെ, കോമഡികളിലൂടെ വിനോദവും വിജ്ഞാനവും പകർന്നു നൽകി അനുവാചക മനസ്സുകളുടെ ശുദ്ധീകരണപ്രക്രിയ സാധിക്കണമെന്നതാണ് കാര്യം. അതുകൊണ്ടാണ് കവിയെ പ്രവാചകൻ എന്ന് വിളിക്കുന്നത്. ഈ തൊപ്പി കാർട്ടൂണിസ്റ്റിനും ചേരും. ഭരണകർത്താക്കളെ വിറളി പിടിപ്പിച്ച കാർട്ടൂണുകളുണ്ട്; സാമാന്യജനത്തെ തലോടി സുഖിപ്പിച്ചവയും.

അതുകൊണ്ടാണ് കാർട്ടൂണിസ്റ്റിന് ചില ഗുണവിശേഷങ്ങൾ ഉണ്ടാവണമെന്ന് പറയുന്നത്. ആശയവ്യക്തത വേണം. ചിത്രീകരണം ലളിതമാകണം. ഭാഷ മിതവും ശക്തവുമാകണം. ഹാസ്യം തന്നെയാവണം മുഖ്യഘടകം. അല്പം അതിശയോക്തി കലർത്തിയാലെന്ത്. കുറച്ചൊക്കെ വക്രീകരിക്കുന്നതും അനുവദനീയം. ദുർഗ്രാഹ്യതയെ കഴിവതും പുറത്തു നിർത്തണമെന്ന് മാത്രം.

ചിരിക്കാൻ മുഖത്തെ 16 മാംസപേശികളുടെസഹായമേ വേണ്ടൂ; ദേഷ്യപ്പെടാനോ 64 -ഉം. എന്നാലൊന്നു ചിരിച്ചു കൂടെ?

വളരാൻ ചിരി വേണം; വിരിയാനും അതാവശ്യം. അത്യാവശ്യം എന്നുതന്നെ പറയണം. കൊഴിയാതിരിക്കാൻ, കരയാതിരിക്കാൻ ചിരി വിരിയിച്ചുകൂടേ?

## കലിഗ്രഫി–

# അക്ഷരങ്ങളിൽ അധിഷ്ഠിതമായ കലാരൂപം

ആർട്ടിസ്റ്റ് നാരായണ ഭട്ടതിരി

സാക്ഷരതയിൽ മുൻപന്തിയിലാണെങ്കിലും അക്ഷരങ്ങളിലധിഷ്ഠിതമായ ഈ കലാരൂപം മലയാളത്തിൽ തീരെ ഇല്ലാത്ത അവസ്ഥയിലാണ്. കലാപരമായി എഴുതുന്നവരും അക്ഷരചിത്രങ്ങൾ രചിക്കുന്നവരും പണ്ടുമുതലേ ഇവിടെയുണ്ടായിരുന്നെങ്കിലും അവരെ കലിഗ്രാഫർമാരായി കാണാനും അവരുടെ രചനകൾ ഒരു കലിഗ്രഫിവർക്കായി കാണാനും നമ്മൾ തുനിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. ഭാരത ത്തിലെ മറ്റു ഭാഷകളിൽ പലതിലും കലിഗ്രഫി (Calligraphy) പ്രചുരപ്രചാരത്തിലാണെങ്കിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇതിന് പ്രചാരം നന്നേ കുറവാണ്.

സ്കൂളിൽ പഠിക്കുന്ന കാലം മുതൽ ഭംഗിയായ കൈപ്പടയിൽ എഴുതുവാനായിരുന്നു എനിക്കു താത്പര്യം. അക്കാലത്തു കാണാനിടയായ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും അക്ഷരവടിവുകളും ചുവരെഴുത്തുകളും കച്ചവട സ്ഥാപനങ്ങളുടെയും മറ്റും ബോർഡുകളുമെല്ലാം ഒരു പുതിയ എഴുത്തുരീതിയെപ്പറ്റി മനസ്സിൽ ചില രൂപങ്ങളുണ്ടാക്കി. കലാപഠനത്തിനായി തിരുവനന്തപുരത്തെത്തിയപ്പോൾ, തുടർന്ന് കലാകൗമുദിയിൽ കലിഗ്രാഫറായി ചേർന്നപ്പോൾ എഴുത്തിൽ പല സാധ്യതകളും പരീക്ഷണങ്ങളും നടത്താനുള്ള സ്വാതന്ത്ര്യമാണ് കിട്ടിയത്. മലയാളത്തിലാദ്യമായി കലിഗ്രാഫർ എന്ന പദവി കിട്ടിയത് എനിക്കാണെന്നു തോന്നുന്നു. ജോലിയുടെ ഭാഗമായി ചെയ്തവയാണെങ്കിലും (എന്നാലും വളരെ ആസ്വദിച്ചു തന്നെയാണെല്ലാം ചെയ്തത്) അവയുടെ ഒരു പുനർദൃശ്യസാധ്യത കണ്ടെത്തിയത് സുന്ദർ എന്ന സുഹൃത്താണ്. 2012–ൽ സുന്ദർ ക്യൂറേറ്റ് ചെയ്ത ഒരു പ്രദർശനമാണ് മലയാള കലിഗ്രഫി മേഖലയിലേക്കുള്ള വാതിൽ തുറന്നത്.

അക്കാലത്തെല്ലാം കമ്പ്യൂട്ടറിന്റെ സഹായത്തോടെയായിരുന്നു ജോലികളെങ്കിലും, വിരലുകൾ അക്ഷരവടിവു മറക്കരുത് എന്ന ചിന്തയാൽ ദിവസവും പേനയും ബ്രഷും മഷിയുമുപയോഗിച്ച് ഒന്നോരണ്ടോ വർക്കുകൾ തയാറാക്കി ഫേസ്ബുക്കിൽ പോസ്റ്റു ചെയ്തുപോരുന്നു. അതു കാണാനിടയായ 'അക്ഷരായ' എന്ന മുംബൈ ആസ്ഥാനമായ അക്ഷരസ്നേഹികളുടെ സംഘടന പൂനയിൽ നടത്തിയ ഒരു കലിഗ്രഫി ശില്പശാലയിൽ പങ്കെടുക്കാനായി എന്നെ ക്ഷണിച്ചു. ഇൻറർനെറ്റിലൂടെ കണ്ടു മാത്രം പരിചിതരായിരുന്ന ഇന്ത്യയിലെ വമ്പൻമാരായ പതിനഞ്ചോളം കലിഗ്രാഫറുമാരെ പരിചയപ്പെടാനും അവരോടൊത്തു വർക്കു ചെയ്യാനും സാധിച്ചു. അത് എന്റെ കലിഗ്രഫി ജീവിതത്തിലെ മറ്റൊരു വഴിത്തിരിവായി. അവരുമായുള്ള സൗഹൃദം തുടരുന്നത് കലിഗ്രഫിയുടെ വിവിധ മേഖലകളും സങ്കേതങ്ങളും മനസ്സിലാക്കാനും അതിൽ അഭിരമിക്കാനും പ്രചോദനമായി. ഉത്തരേന്ത്യയാകെ പടർന്നു വികസിച്ച വിവിധഭാഷാ കലിഗ്രഫിശാഖ ദക്ഷിണേന്ത്യയിൽ വളരെ ശുഷ്കമാണെന്ന് മനസ്സിലാക്കാനും കഴിഞ്ഞു.

പുതു സാങ്കേതികതയുടെ കാലത്ത് കൈ എഴുത്ത് ഒരു അനിവാര്യതയല്ലയെങ്കിലും കൈ എഴുത്ത് മനസ്സിനേകുന്ന സംതൃപ്തി ഏറെയാണ്. കലാരൂപം മാത്രമായി കാണാതെ സാധാരണക്കാർക്കുപോലും പരിശ്രമിച്ചാൽ ചെയ്യാനാവുന്ന ഒരു കാര്യമായി കരുതിയാലേ മലയാളം കലിഗ്രഫിക്ക് ജനസമ്മതിയുണ്ടാകൂ. വിശ്രമവേളകളിൽ കലിഗ്രഫി ഒരു ശീലമാക്കാവുന്നതാണ്. പുതുതലമുറയിലെ പലരും അതിൽ പരീക്ഷണങ്ങൾ നടത്തുന്നതും ചില സാങ്കേതിക കാര്യങ്ങൾ എന്നെ വിളിച്ചു ചോദിക്കുന്നതും അനൽപമായ സന്തോഷത്തിനിടയാക്കുന്നുണ്ട്.

ദക്ഷിണ കൊറിയയിൽ നിന്നു ലഭിച്ച ജിക്ജി പുരസ്കാരം സ്വീകരിക്കാനായി അവിടെ പോയപ്പോൾ കാണാനായത് അവർ കലിഗ്രഫി

(ശേഷം 11–ാം പേജിൽ)

# ഉടലിൻ ജന്മദൂരങ്ങൾ

**ബീന അശോക്**

സീമന്തരേഖ നീളെ
ഭംഗിയിൽ തൂവിയെഴും
സന്ധ്യാരാഗം
കണ്ണീരൊഴുകി
ചുവന്നൂ
ഫാലസ്ഥലം
എണ്ണമെഴാതെന്നാ-
ത്മദുഃഖത്തിൻ
ചൂടാറുവാൻ
ശ്യാമമേഘമേ
നീയിറ്റു കുളിർ-
ത്തണ്ണീർ തരൂ
ഇടറിയടരും തളിരിലകൾ
ക്ഷതമേറ്റു വീഴുന്ന
നിറമുള്ള പൂക്കൾ
തല്ലിക്കൊഴിക്കുന്നു
കായ്കനികൾ
കേഴുന്നുർവ്വരഭൂമിയും
ഉരസ്സിലഗ്നി
സ്ഫുടംചെയ്തന്നം
നുണഞ്ഞു മോണകാട്ടി
പിഞ്ചുബാല്യം
ചരിത്രം കുറിക്കുന്നു
നഃ സ്ത്രീ സ്വാതന്ത്ര്യം
ശൂലമുനയാൽ കുത്തി
നോവിച്ചഗ്നിയിൽ
ഭ്രൂണങ്ങൾ വെണ്ണീറായി
കയ്പുനീർ കുടിക്കുമീ
ബന്ധന പാരതന്ത്ര്യം
തുടിക്കും ചിന്തകൾ
മയ്യലിൻ തേങ്ങലിൽ
മണ്ണട്ടയെക്കാൾ
അർഘമില്ലീ ഭൂമിയിൽ
പെണ്ണിനെന്നു
വിലപിക്കുന്നെ-
ണ്ണമില്ലാത്തോർ
ചില്ലുകളുടഞ്ഞും
സ്വപ്നച്ചില്ലകളൊടിഞ്ഞും
വെന്തുനീറിയും
ചേതസ്സിൽ
കണ്ണീരുറഞ്ഞും
പെൺ നിഴലുകൾ
വെടിയുണ്ട പൂക്കളായ്
പ്രാപിച്ച പെണ്ണുടൽ !
നിശ്ശബ്ദയാം പെണ്ണിൻ
ആത്മരോഷമെരിയും
സിരാധ്വനികൾ ശ്രവിക്കില്ല
പ്രത്യയശാസ്ത്രങ്ങൾ

മൃതിയിലേക്കടർന്നു
മുൻപേ നടന്നവർ
പുനർചിന്തനത്തിൻ
കാവലാളുകൾ.
സമരസപ്പെടും
പെൺമനസ്സുകൾ
ചിതറും സ്വപ്നങ്ങൾ
നീതിനിഷേധമരങ്ങു
തകർക്കുന്നു
കരുതി വെയ്ക്കാം
ഒറ്റച്ചിലമ്പാൽ
ചെറുകണ്ണകിമാരാകാം
രണഭൂമിയിൽ വിലപേശലിൽ
കനലെരിയും
കണ്ണുകളാൽ
മാറുമുറിച്ചും
നാക്കിലയിൽ നീട്ടിയും
ചെറുനങ്ങേലിമാരാകാം
മുഴങ്ങുന്നു മാറ്റത്തിൻ
ശംഖനാദമീ വ്യൂഹത്തിൽ
അരുണപ്രിയൻ
തീപ്പന്തമായ്
ഉദിച്ചുയർന്നൂ വാനിൽ
ചെന്താരകങ്ങൾ
വേണമൊരിടമെനിക്കായി
തുറക്കുക കിളിവാതിൽ
കണ്ണുകൾ ചിമ്മാതെ
ചിറകിലുയരാൻ
വെറും നിഴലാകാതെ
ജ്വലിക്കും കനലായി

---

(10-ാം പേജിന്റെ തുടർച്ച))

യോടുകാട്ടുന്ന -ഏതു ഭാഷയിലേതായാലും- പ്രതിബദ്ധത വിസ്മയകരമാണെന്നതാണ്. ലോകത്തെമ്പാടുമുള്ള കലിഗ്രഫിയുടെ ശേഖരം നിർമിക്കാനാണ് ചൈനയിലെ ഹർബിൻ എന്ന സ്ഥലത്തു സ്ഥാപിതമായിക്കുന്ന കലിഗ്രഫി ഇൻ സ്റ്റോൺ മ്യൂസിയം സന്നദ്ധമായിരിക്കുന്നത്. കടലാസിലും ക്യാൻവാസിലും ചെയ്യുന്ന രചനകൾക്ക് കാലത്തെ അതിജീവിക്കാനാകുമോ എന്ന സംശയംകൊണ്ട് അവ കല്ലിൽ ആലേഖനം ചെയ്തു വരുംതലമുറയ്ക്കായി കരുതിവയ്ക്കാനുള്ള ശ്രമകരമായ യത്നത്തിലാണവർ ഏർപ്പെട്ടിരിക്കുന്നത്. അതിൽ ഇന്ത്യയിൽ നിന്നുള്ള ഒരു മലയാളം കലിഗ്രഫിയും ഉണ്ട് എന്നത് തികച്ചും അത്ഭുതകരം തന്നെയാണ്. വിസ്മയിപ്പിച്ച മറ്റൊരു കാര്യം കേരളത്തിലെ ഫൈനാർട്ട്സ് കോളജുകളിലെ അപ്ലൈഡ് ആർട്ട് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കലിഗ്രഫി സിലബസ്സിലുൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. എന്നാൽ എല്ലായിടത്തും റോമൻ കലിഗ്രഫിയാണ് പഠിപ്പിക്കുന്നത്. മലയാളം ഭരണഭാഷയായിട്ടും സ്കൂളുകളിൽ ഒന്നാം ഭാഷയായിട്ടും മലയാളം കലിഗ്രഫി എവിടെയും പഠിപ്പിക്കുന്നില്ല. സ്വകാര്യ സ്ഥാപനങ്ങളും സംഘടനകളും താത്പര്യപൂർവ്വം കലിഗ്രഫി വർക്ക്ഷോപ്പുകൾ നടത്തുന്നതും എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതും ശുഭോദർക്കമായ ഒരു ഭാവിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

# സമ്മാനപ്പെട്ടി

**മുരളീധരൻ. എ**

പരിക്ഷീണനായി സുകുമാരക്കാരണവർ ഒരു കാൽ ഉമ്മറപ്പടിയിൽ വച്ച് ഉറക്കെ വിളിച്ചു, ‘‘എടീ ജാനകിയേ, ഒരു ഗ്ലാസ് വെള്ളം കൊണ്ടുവായോ”.

അന്നും പതിവു പോലെ ജോലി തെണ്ടി നടക്കുകയായിരുന്നു. ഒന്നും തരപ്പെടാത്തതിന്റെ ശുണ്ഠിയിൽ കാലുകൾ വലിച്ചുവച്ച്, കുടയും പിടിച്ച് ആവുന്നത്ര വേഗം വീടെത്താനുള്ള തത്രപ്പാടിലായിരുന്നു. അപ്പോഴാണു പിന്നിൽ നിന്ന് “കാർന്നോരേ” എന്നുള്ള വിളി. കേട്ടപ്പോഴെ ആളെ മനസ്സിലായി. സാധാരണ അയാൾ അങ്ങനെ വിളിച്ചാൽ ഒരു നിർവ്വികാരമായ ചിരി മാത്രമായിരുന്നു മറുപടി. മനസ്സിലെ ശുണ്ഠി കാരണമായിരിക്കും, തിരിഞ്ഞു നിന്ന് പറഞ്ഞു,

“എടോ, താൻ എന്നെ അങ്ങനെ വിളിക്കരുത്. എന്റെ പേരു കാർന്നോർ അല്ല. കാരണവർ എന്നാ. അങ്ങനെ വിളിക്കാൻ കഴിയില്ലെങ്കിൽ താൻ എന്നെ സുകുമാരൻ എന്നോ സുകു എന്നോ വിളിച്ചോ. ഇനി മേലിൽ കാർന്നോർ എന്ന് വിളിക്കരുത്’’. പിന്നിൽ നടന്നിരുന്ന സമപ്രായക്കാരനായ ചാക്കോയുടെ മുഖത്ത് വിരിഞ്ഞ ആശ്ചര്യം കാണാൻ നിൽക്കാതെ വീണ്ടും നടന്നു.

ജാനകികൊണ്ടുവന്ന വെള്ളം ആർത്തിയോടെ കുടിച്ച് ഗ്ലാസ് തിരികെക്കൊടുക്കുമ്പോൾ അവളുടെ മുഖത്തെ ചോദ്യഭാവത്തിന്റെ അർത്ഥം അയാൾക്ക് കൃത്യമായി ബോദ്ധ്യപ്പെട്ടു. പതിവുള്ള ചോദിക്കാത്ത ചോദ്യം. അതിനുള്ള പറയാത്ത ഉത്തരം.വരാന്തയിലെ കസേരയിൽ ഇരുന്ന് കിതപ്പ് തീർക്കുന്നതിനിടയിൽ കാരണവർ ആലോചിക്കുകയായിരുന്നു. ചെന്നു ചോദിക്കുമ്പോൾ ഒരുജോലി വച്ചുനീട്ടിത്തരാൻ തനിക്ക് ഉന്നതവിദ്യാഭ്യാ സമൊന്നുമില്ലല്ലോ? പോരാഞ്ഞിട്ട് പഴയ സെക്യൂരിറ്റി ജോലിയിൽ നിന്ന് തന്റേതല്ലാത്ത തെറ്റ് ആരോപിച്ച് പിരിച്ചുവിട്ടതുമാണല്ലൊ? തുച്ഛമായി ഉണ്ടായിരുന്ന സമ്പാദ്യം കൊണ്ട് ഒരു മാസം കഴിഞ്ഞു കൂടി. റേഷൻ കടയിൽ നിന്ന് കിട്ടുന്ന ധാന്യങ്ങൾ ആയിരുന്ന ആശ്രയം. നീണ്ട കാത്തിരിപ്പിനുശേഷം, ജീവിതത്തിന്റെ മദ്ധ്യാഹ്നത്തിൽ തങ്ങൾക്ക് ലഭിച്ച പൊന്നു മോളെ ഓർത്താണു സങ്കടം. എട്ട് വയസ്സാകാൻ പോകുന്ന അവളുടെ കൊച്ചു കൊച്ച് ആഗ്രഹങ്ങൾ പോലും പലപ്പോഴും നിറവേറ്റാൻ കഴിയുന്നില്ല.

എല്ലാറ്റിനും മൂകസാക്ഷിയായി തന്റെ ജാനകി. നല്ല കുടുംബത്തിൽ പിറന്ന പെൺകുട്ടിയായിരുന്നു. വിദ്യാഭ്യാസ ശൂന്യനും അനാഥനുമായിരുന്ന തന്നോടൊപ്പം എല്ലാം ഉപേക്ഷിച്ച് ഇറങ്ങി വന്നവൾ. ഒരക്ഷരം കടുപ്പിച്ച് പറയാതെ, തന്നെ ആശ്വസിപ്പിക്കുക മാത്രമാണവൾ ചെയ്യുന്നത്. എപ്പോഴും, എല്ലായ്പ്പോഴും. അതു പോരാഞ്ഞിട്ട്, കുഞ്ഞുമകൾ സോനയേയും ഇല്ലായ്മയുടെ കയ്പ്പ് മധുരത്തിൽ പൊതിഞ്ഞ് ധരിപ്പിക്കാൻ ജാനകി സമർത്ഥയായിരുന്നു. ഒരു മാസമായി അലയാത്ത ഇടങ്ങളില്ല, മുട്ടാത്ത വാതിലുകളില്ല. പഴയ ജോലിയിൽ നിന്നും പിരിച്ചുവിട്ടതും, തന്റെ പ്രായവുമാണു എല്ലാറ്റിനും തടസ്സം. കൂലിപ്പണി ചെയ്യാനുള്ള ആരോഗ്യമില്ല. അസ്തമിക്കാത്ത പ്രതീക്ഷകളുടെ ബലത്തിൽ വീണ്ടും വീണ്ടും അലയുന്നു, ഒരു വെള്ളി രേഖ തെളിയുന്നതും കാത്ത്. എങ്കിലും ഓരോ ദിവസവും നിഷ്ഫലമായ അന്വേഷണത്തിന്റെ ഭാരവും പേറി വീട്ടിലെത്തിയാൽ ആകെ ഒരു മുഷിപ്പ്. സോനമോളോടും ജാനകിയോടും അല്പനേരത്തേയ്ക്കെങ്കിലും കുറച്ച് ദേഷ്യം. സോനയുടെ കൊഞ്ചലിലും പുഞ്ചിരിയിലും എല്ലാ ദേഷ്യവും അലിഞ്ഞ് ഇല്ലാതാവും.

ചിന്തിച്ചുകൊണ്ട് കുറച്ചധികം നേരം സുകുമാരക്കാരണവർ ഇരുന്നുപോയി. അകത്തെ മുറിയിലേക്ക് കടന്നപ്പോൾ സോന അവിടെ നിലത്തിരുന്ന് ഒരു ചെറിയ കാർഡ് ബോർഡ് പെട്ടി അലങ്കാരക്കടലാസ് കൊണ്ട് പൊതിഞ്ഞുകൊണ്ടിരിക്കുന്നു. എന്തോ സമ്മാനമാണു പൊതിയുന്നത്. അടുത്തുചെന്ന് നോക്കിയപ്പോൾ ഒരു കാലിപ്പെട്ടി. അവളോട് ദേഷ്യപ്പെട്ടു. തേങ്ങിക്കൊണ്ട് അവൾ എഴുന്നേറ്റുപോയി.

ക്ഷീണം കാരണം അയാൾ അല്പം മയങ്ങിപ്പോയി. ഉണർന്നപ്പോൾ മോൾ ആ സമ്മാനപ്പൊതിയുമായി മുന്നിൽ. പെട്ടി അയാളുടെ കയ്യിൽ വച്ചുകൊടുത്തപ്പോൾ കാലിപ്പെട്ടിയാണെന്നറിയുമായിരുന്ന അയാൾ കുട്ടിയുടെ ചെവിയിൽ പിടിച്ച് ഒരു കിഴുക്കു കൊടുത്തു. സഹിക്കാനാവാത്ത ദേഷ്യമായിരുന്നു അപ്പോൾ. കുട്ടി കരഞ്ഞുകൊണ്ട് പുറത്തേയ്ക്കോടി.

ദേഷ്യം അല്പം ശമിച്ചപ്പോൾ അയാൾ സമ്മാനപ്പെട്ടി തുറന്നു. കാലിപ്പെട്ടി തന്നെ. എന്നാൽ അതിൽ വച്ചിരുന്ന ഒരു തുണ്ടുകടലാസ്സിൽ കുഞ്ഞു കയ്പ്പടയിൽ എഴുതിയിരുന്നത് വായിച്ച കാരണവരുടെ കണ്ണുകളിൽ ഈറനണിഞ്ഞു. അതിൽ ഇങ്ങനെയാണെഴുതിയിരുന്നത്, “അച്ഛാ അച്ഛന്റെ ജന്മദിനത്തിൽ സോനമോളുടെ ഒരായിരം ചക്കരയുമ്മ.”

# MAGNA CARTA OF FREEDOM

**Brig. Dr. V.D. Abraham**

**The Quote**: *[The Ten Commandments are a special set of spiritual laws to the Jews that the LORD Himself wrote on two stone tablets that Moses brought down from Mount Sinai/ Horeb. One version can be found in the Book of Exodus of the Bible. Another version can be found in the Book of Deuteronomy. These laws are important for Judaism and Christianity. Countries which follow those religions often have some of the commandments as part of their Civil laws*]

Interpretations of Ten Commandments are beyond simple translation. It yields many versions of understanding and can be understood differently depending on ones' spiritual level. This understanding has got a different angle, the ten commandments as **'Magna Carta'** of freedom and are applicable beyond religion.

**The first commandment**: You shall be free if you don't equate anything with God. God provides all encompassing guidance for life. If you let God be God, then you are a free person. He will handle all problems and difficulties of your life. Then priorities of your life fall in the right perspective. Thus clarity, transparency and freedom enter our day-to-day dealings.

**The Second Commandment**: You will be free, if you trust the name of God, "I Am Who I Am" or "I am there for you" or "Tatva-masi". When you experience God, He sets you free and you yourself can kindle light for others. A flood gate for life opens, God will appear in your life differently, often surprisingly. So do not capture God in an image or picture or bust/idols, else you will bypass living God.

**The third commandment**: You shall be free, if you accept that the achievements and success are not the ultimates in life. Don't let yourself be defined by others, neither by their praise nor criticism as unconditional mercy of God is within you. Then one feels the important elements of life as love and relationship.

**The fourth commandment:** You shall be free, if you can be grateful for what your parents gave you, they accepted you as you are, bestowed seamless love and affection which they might not have exhibited. So, accept your parents as they are/ were and give more love than they deserve. Reconciliation with parents yield more acceptance and peace with our own life which sets you free.




**The fifth commandment :** You shall be free, if you accept that the life of others are also wonderful as they too are the creations of God and should not be disturbed in thought word or deed. Never forget that everything lethal stems from a jealous heart. Envy is a threat to spiritual life, no rituals or pilgrimage can revive/retreat. Cleanse your heart to feel the fruits of freedom.

**The sixth commandment** : You shall be free, if you can love people without taking advantage of them. Do not usurp anything from others, as respect is the jewel of love. Happiness prevails and one will feel content and free.

**The seventh commandment** : Possessions do not render you free. Detach as much as possible, you will have abundance of freedom in time and space. Be grateful for what you have and that will give satisfaction and this gratitude makes you free.

**The eightth commandment** : A sense of truthfulness will set you free, insincerity entangles you in complicated net of fallacies. The more transparent one becomes, the more one radiates happiness and that makes one see more free space around.

**The ninth commandment** : We can long for friendship, but we can not make it. The experience of genuine love is always an undeserved gift. Thus, bondage should be respected to remain free through inner gift of sincere relationships.

**The tenth commandment** : You shall be free, if you are content. Urge to materialistic possession depletes your energy of life. Your possession will not take you to the heavenly abode.

One learns 'A' for apple in the pre-primary class without seeing or tasting one, so one has to remove the garbage from one's storage space and try to fill it with new additions of goodness. So, think differently, everything can be remoulded to suit everyone. You may feel these ten commandments in the light of 'Gita Upadesh'.

# MAKING OTHERS HAPPY

The Journey of my life

**Sangeetha Bishnoi**

"They said I changed a lot, I said a lot changed me." The fact is that I found myself. I found that it was the beautiful and simple art of understanding others' perspectives that brought about the changes. It was about having the right attitude and ensuring self happiness and contentment that did all the magic. Now my dictum is to create an environment of awareness in people who are going through various emotional challenges. I would feel sanctified if I can empower a few, draw a path to move on with their lives inspite of traumas and disturbances. And that is how my journey began.

Initially while I was learning it, it was all about understanding the technicalities of how the human brain works, how to speak, listen and understand a person with varied emotional challenges, how to strike a conversation and put them at ease etc. These skills were equipped with constant practice. I was finally certified as a practicing psychologist. Once my clients started lining up, I understood the ground realities.

It's not just this, there was much more in connecting to people. It's all about having immense patience to relate, deeply comprehend, speak their language by frequently asking questions for more clarity and finally bringing them to a completely different concept which would help them better to overcome the status quo. It was a wholesome, time - consuming process as this was to be accepted first and then needed to be implemented. Patient hearing had to be the key.

I have always wondered why a similar concern works differently and intensely for different people when the mechanism of the brain is the same and our ability to reason quite normal? Everyone has the nerves and neurotransmitters running similar, then why the difference? Why do people process differently?

The brain is the epicenter of our body. The external factors and experiences create such an impact that it can change each one's thinking process. From our very birth, the moment we begin to focus, we are capturing every bit of information be it auditory, visual or kinesthetic to process and put them into boxes as our learning and understanding to use them as and when we require. These are called our experiences which become part of us throughout our journey.

Only when our experiences do not match the other person's experiences, arise conflicts and difference of opinion. Now the million dollar question is " Is there a need to negate?" We have gained certain life experiences within the socio-cultural framework we lived in. So do others. The moment we start accepting the same experiences of others, we come in tandem with the people we love and care for. Many of the conflicts we see around have a deficit of this understanding.

Life is all about keeping oneself happy and at peace. We must do whatever it takes to achieve that. **The beauty of life is not just about you being happy but also how others can be happy because of you.**

## അനുഭവം

# ഉർവശീ ശാപം-ഉത്തമം, ഉപകാരപ്രദം?

ബി. സോമശേഖരൻ ഉണ്ണിത്താൻ

ഇതൊരു കെട്ടുകഥയാണെന്നുതോന്നാം. പക്ഷേ തികച്ചും നഗ്നമായ യാഥാർത്ഥ്യം തന്നെ എന്നതാണ് സത്യം.

സംഭവം 1967 കാലഘട്ടത്തിൽ - മദ്ധ്യ തിരുവിതാംകൂറിലെ ഒരു കലാലയത്തിന്റെ ശൈശവദശ. വിദ്യാഭ്യാസ വിചക്ഷണനും കർമ്മ കുശലനുമായ പുരോഹിതനായ പധാന അദ്ധ്യാപകൻ കർക്കശക്കാരനെങ്കിലും സൗമ്യൻ. കോളേജിന്റെ വളർച്ചയുടെ സൂത്രധാരൻ.

മിടുക്കനായ ഒരു പ്രീഡിഗ്രി വിദ്യാർഥി സർവകലാശാല പരീക്ഷയിൽ കോപ്പിയടിച്ചതിന് പ്രധാന അധ്യാപകനാൽ പിടിക്കപ്പെട്ടു. ആൾ അസാധാരണ ധീഷണാശാലി. പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും തല്പരൻ. കലാകാരൻ, സംഘാടകൻ, എവിടെയും ജയിക്കാമെന്നു റപ്പുള്ളവൻ, കൗമാരത്തിന്റെ വിവരക്കേട് കൊണ്ടോ, കൂടപ്പിറപ്പായിരുന്ന കുസൃതിയുടെ കൂടുതലാലോ, മുന്തിയ മാർക്ക് നേടിയെടുക്കാനുള്ള അമിതമായ ആവേശത്താലോ എന്നറിയില്ല ചെയ്തുപോയി.

പതിവുപോലെ അന്വേഷണം. ഒടുവിൽ വിധി. യൂണിവേഴ്സിറ്റി പരീക്ഷകളിൽ നിന്ന് ഡീബാർ ചെയ്തതായി അറിയിപ്പ്.

ടി.സി.വാങ്ങി കലാലയത്തിന്റെ പടിയിറക്കം, നിറകണ്ണുകളോടെ എന്നാൽ നിശ്ചയദാർഢ്യത്തോടെ പ്രധാന അധ്യാപകന്റെ സവിധത്തിലെത്തി.

'സാർ, അങ്ങെന്നെ തേടിയെത്തുന്ന കാലം വരും. അന്ന് അങ്ങ് എന്നെ അംഗീകരിക്കും ?

മുൻകൂട്ടി തയ്യാറാക്കിപ്പറഞ്ഞതൊന്നുമല്ല. അങ്ങനെയങ്ങ് പറ്റിപ്പോയതാണ്. ആത്മാഭിമാനം വ്യണപ്പെട്ട ഒരുവന്റെ ആലാപനം.

അധ്യാപകനാകട്ടെ പതിവുരീതിയിൽ മന്ദഹാസത്തിൽ പൊതിഞ്ഞ സ്നേഹത്തോടെ നോക്കിയിരുന്നതേയുള്ളൂ. ശാന്തത ലേശവും കൈവിടാതെ.

വീട്ടിൽ നിന്ന് അനുവാദം വാങ്ങി ദീർഘയാത്ര ചെയ്ത് മുഖ്യ നഗരത്തിലെത്തി. പ്രശസ്തമായ സമാന്തര കലാലയത്തിൽ ചേർന്നു.

തന്റെ പരീക്ഷ നിരോധനശിക്ഷാകാലാവധി അവസാനിച്ചപ്പോൾ വീണ്ടും പരീക്ഷ എഴുതി. ഉന്നത വിജയം. മാർക്കടിസ്ഥാനത്തിൽ മെഡിക്കൽ പഠനത്തിന് പ്രവേശനം കിട്ടി. മറ്റൊരു സംസ്ഥാനത്തായിരുന്നെങ്കിലും ആഘോഷിച്ചു: ആത്മാഭിമാനം നഷ്ടപ്പെട്ട് അതിന്റെ കൊടുംചൂടിൽ സ്വയം ചാരമായി മാറിയിരുന്ന അയാളുടെ മനസ്സിന്റെ ഉള്ളിൽ നിന്നും വാശിയുടെ ഒരു ഫീനിക്സ് പക്ഷി ചിറകടിച്ചു പറന്നുയർന്നു.

എം.ബി.ബി.എസിന് ഗോൾഡ് മെഡൽ. എം.ഡിക്ക് മറ്റൊരു സംസ്ഥാനത്ത്. അവിടെയും സ്വർണ്ണപ്പതക്ക ജേതാവ്. വിദേശത്ത് നിന്ന് സൂപ്പർ സ്പെഷ്യാലിറ്റി ബിരുദം, നേട്ടങ്ങളുടെ വൻ കൊയ്ത്ത്.

ലോകമറിയുന്ന, ആരാധിക്കുന്ന ഒരു ഹൃദ്രോഗവിദഗ്ദ്ധനായി അയാൾ രൂപപ്പെട്ടു. ഭാരതത്തിലെ ആദ്യത്തേത് എന്നറിയപ്പെടുന്ന ആൻജിയോപ്ലാസ്റ്റി സർജറിക്ക് നേതൃത്വം നൽകാനായി.

സ്വദേശത്തും വിദേശത്തും കൺസൾട്ടന്റ്. സെമിനാറുകൾ, ക്ലാസ്സുകൾ, പേരും പെരുമയും ഒഴുകിയെത്തി. തിരക്കുകൾക്കിടയിലും നാട്ടിലെത്തുന്നത് സേവന രംഗത്തെ തന്റെ കടമയായും നാടിനോടുള്ള മമതയായും അനുഭവപ്പെട്ടു. രാവിലത്തെ ഫ്ളൈറ്റിലെത്തി വൈകിട്ട് മടങ്ങിപ്പോകുന്ന ശൈലി.

അനേകം പ്രശസ്ത ആശുപത്രികൾ മോഹന വാഗ്ദാനങ്ങളുമായെത്തി. ഒന്നിനും വഴങ്ങിയില്ല. വ്യവസായിയായിരുന്ന അച്ഛന്റെ വാക്കുകൾ ഓർമ്മയിൽ മുഴങ്ങിക്കൊണ്ടേയിരുന്നു.

'പണത്തിന് പിന്നാലെ പായരുത്' പണം ഇല്ലാത്തതിന്റെ പേരിൽ ഒരാൾക്കും ചികിത്സ നിഷേധിക്കാനിടയാകരുത്. അങ്ങിനെഒരുനാൾ നാട്ടിലെ പഞ്ചനക്ഷത്ര ആശുപത്രിയിലെ കൺസൾട്ടിംഗ് റൂമിൽ ഇരുന്നുകൊണ്ട് മുമ്പിലുണ്ടായിരുന്ന സ്ക്രീനിലൂടെ കണ്ണുകൾ പായ്ച്ചു.

(ശേഷം 16-ാം പേജിൽ)

# തെരുവുനായ ആക്രമിച്ചാൽ നഷ്ടപരിഹാരം ലഭിക്കുമോ?




തെരുവുനായ ആക്രമിക്കുകയോ തെരുവുനായയെ ഇടിച്ചു വാഹനാപകടം ഉണ്ടാവുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അവകാശമുണ്ട്. ആക്രമണത്തിന് ഇരയായയാൾ വെള്ളപേപ്പറിൽ അപേക്ഷ തയാറാക്കി നൽകിയാൽ മതി. അപകടത്തിന്റെ വിവരങ്ങൾക്കൊപ്പം ആശുപത്രി ബില്ലുകൾ, മരുന്നിന്റെ ബില്ലുകൾ, വാഹനത്തിനു കേടുപാട് സംഭവിച്ചാൽ അതിനു ചിലവാകുന്ന തുക എന്നിവയും അപേക്ഷയോ ടൊപ്പം നൽകാം. അപേക്ഷ പരിഗണിക്കുന്ന സമിതി ഹിയറിങ്ങിനായി വിളിക്കും. വസ്തുതകൾ പരിശോധിച്ച ശേഷം ബന്ധപ്പെട്ട അധികൃതർ വഴി നഷ്ടപരിഹാരം ലഭ്യമാക്കും. പരുക്കിന്റെ ആഴം, പരുക്കേറ്റവരുടെ പ്രായം, ജോലി ചെയ്യാൻ കഴിയാത്ത ദിവസങ്ങൾ, അംഗവൈകല്യം സംഭവിക്കുക, ശരീരഭാഗങ്ങൾ വികൃതമാകുക തുടങ്ങിയ ഘടകങ്ങൾ പരിഗ ണിച്ചാണ് നഷ്ടപരിഹാര തുക നിശ്ച യിക്കുക.

*പരാതി നൽകേണ്ട വിലാസം:*

ജസ്റ്റിസ് സിരി ജഗൻ കമ്മിറ്റി, യുപിഎഡി ബിൽഡിങ്, പരമാര റോഡ്, കൊച്ചിൻ 682018

(15-ാം പേജിന്റെ തുടർച്ച)

തന്നെ കാണാൻ ഊഴവും കാത്തിരി ക്കുന്നവർ .

തന്റെ ആദ്യകാല പ്രധാന അധ്യാപകന്റെ തേജസ്സാർന്ന മുഖം അവർക്കിടയിൽ. ഒരു നിമിഷം; ഡോക്ടർ വികാരാധീനനായി. ഇരിപ്പുറയ്ക്കുന്നില്ല. വിധിയുടെ ഈ അപൂർവ്വനിയോഗത്തിൽ അദ്ദേഹം വിസ്മയിച്ചു പോയി. ആകാംക്ഷ , സന്തോഷം അനിർവ്വചനീയമായ ഒരു നൊമ്പരം. ആകെയൊരു വീർപ്പുമുട്ടൽ.

പുറത്തിറങ്ങിച്ചെന്ന് കാത്തിരിക്കുന്നവരെ സമീപിച്ചു. പെട്ടെന്ന് കുനിഞ്ഞ് തന്റെ അധ്യാപകന്റെ കാൽ തൊട്ടു വന്ദിച്ചു. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു:

“എന്റെ പ്രിയപ്പെട്ട അദ്ധ്യാപകനാണ്. എന്നെ ഞാനാക്കിയ മഹദ് വ്യക്തി. അദ്ദേഹത്തെ പരിശോധിച്ചിട്ടേ നിങ്ങളെയൊക്കെ വിളിക്കൂ! ക്ഷമിക്കണം.

അദ്ധ്യാപകന്റെ മുഖത്ത് അത്ഭുതം. ഇതാ വിജയസോപാനം കയറിയ മറ്റൊരു പൂർവ്വ വിദ്യാർത്ഥി കൂടി. പതിവുപോലെ പഴയ പാട്ട് എന്നു മാത്രമേ കരുതിയുള്ളൂ .പക്ഷേ ആ കണ്ണുകളിൽ സ്നേഹത്തിന്റെ കുത്തൊഴുക്ക് ഇത്ര കാലത്തിന് ശേഷവും തിരതള്ളുന്നുണ്ടായിരുന്നു.

കൺസൾട്ടേഷൻ സമയത്താണ് ആ ഡോക്ടർ പഴയ കഥയുടെ ചെപ്പു തുറന്നു കാണിച്ചത്. തികഞ്ഞ ശാന്തതയോടെ അദ്ധ്യാപ കൻ എല്ലാം കേട്ടു. ആ മുഖത്തെ സ്നേഹവായ്പ് ഡോക്ടറെ വിനയാന്വിതനാക്കി. വിശദപരിശോധന യ്ക്കുശേഷം മരുന്നുകൾ കുറിച്ചുകൊടുത്തു. സന്തോഷത്തോടെ അധ്യാപകനെ യാത്രയാക്കി.

പ്രശസ്തനായ ആ ഹൃദ്രോഗ വിദഗ്ദ്ധന്റെ മനസ്സിലൊരു വിങ്ങൽ മാത്രം ബാക്കി നിന്നു- സ്നേഹത്തിന്റെ? കുറ്റബോധത്തിന്റെ ? സംതൃപ്തിയുടെ? ഉത്തരമില്ലാത്ത ഒരു ചോദ്യം അദ്ദേഹം അപ്പോഴും മനസ്സിൽ സൂക്ഷിച്ചു. അന്ന് താൻ പിടിക്കപ്പെട്ടില്ലായിരുന്നെങ്കിൽ ഇന്ന് നിലയിലെത്തുമായിരുന്നോ? ഇന്നും അദ്ദേഹം ബോംബെ നഗരത്തിലെ ഏറ്റവും പ്രസിദ്ധനായ കാർഡിയോളജിസ്റ്റായി ഹൃദ്രോഗങ്ങളെ ചികിത്സി ക്കുന്ന ഹൃദയമുള്ള ഡോക്ടറായി കലയെ സ്നേഹിച്ചും സ്നേഹിപ്പിച്ചും സസുഖം കഴിയുന്നു.

# ഭ്രാന്തൻ പാപ്പി.....??

**അലക്സ് കെ. കോശി**

ഓണാട്ടുകര സുന്ദരമായ ഒരു ഭൂപ്രദേശമാണ്. വയലേലകളും ചിറകളും തോടുകളുമെല്ലാം സമൃദ്ധിയായി ഉള്ള പ്രദേശം. മാളികപ്പറമ്പിലെ കുഞ്ഞോയി മാപ്പിളയുടെ വക, ജംഗ്ഷനോട് ചേർന്ന അതിവിശാലമായ ഒരു പറമ്പിലായിരുന്നു ആ പറമ്പിന്റെ ഒരു മൂലയ്ക്ക് ഒരു കളത്തട്ടും, ഒരു വശത്ത് വളരെ നീളമുള്ള ' എൽ ' ഷേപ്പിലെ ഒരു ഓല മേഞ്ഞ കെട്ടിടത്തിൽ തുണിക്കടയും, ചായപ്പീടികയും, പലചരക്കു കടയും, മുറുക്കാൻ കടയും, കച്ചിക്കടയുമൊക്കെ ഉണ്ടായിരുന്നു. പുരയിടത്തിനോട് ചേർന്ന് റോഡ് സൈഡിൽ ഒരു വലിയ ചുമട് താങ്ങി ഉണ്ടായിരുന്നു. രണ്ടു മൂന്ന് മാസത്തിലൊരിക്കൽ ആ ഗ്രാമത്തിലേക്ക് തന്റെ വലിയ ഭാണ്ഡക്കെട്ട് തലയിൽ ചുമന്ന് വന്ന്, ചുമട് താങ്ങിയിൽ ഇറക്കി വെച്ച് കളത്തട്ടിൽ താമസിച്ച്, അത്യാവശ്യം ആഹാരമൊക്കെ പാചകം ചെയ്ത് കഴിച്ച് , ഒരാഴ്ച യ്ക്ക്മേൽ പൊറുതികൂടിയിട്ട് തിരികെ പോകുന്ന ഒരു ഭിക്ഷക്കാരനായിരുന്നു ഭ്രാന്തൻ പാപ്പി..എവിടെ നിന്ന് വരുന്നെന്നോ എവിടേക്ക് പോകുന്നന്നോ ആർക്കും പിടിയില്ല.

പുറത്ത് പുറത്തായി മൂന്നാല് ഉടുപ്പുകളും ഒരു പാന്റുസുമാണ് വേഷം. ഏറ്റവും മുകളിലായി ഒരു ഓവർ കോട്ട് കാണും. എല്ലാം അതീവ മുഷിഞ്ഞതും, വൃത്തിഹീനമായതും അവിടെയു മിവിടെയും കീറി പറിഞ്ഞതുമൊക്കെ ആയിരുന്നു. മൂന്നാലു വലിയ മുത്തുമാലകൾ കഴുത്തിൽ കാണും..നല്ല ഇടതൂർന്ന നരച്ച താടിയുണ്ട് , മുടികൾ ജട പിടിച്ചതാണ്. തലയിൽ ഒരു സൺ ക്യാപ്പും കാണും.

രാത്രിയിൽ ഉണക്കക്കുറിച്ചി വറക്കുന്ന മണം ആ പ്രദേശമാകെ വ്യാപിക്കും.. ആ മണത്തിന് വല്ലാത്തൊരു ആകർഷണമാണ് , ഭ്രാന്തൻ പാപ്പി ഉണക്കമീൻ ചുടുന്നതാണ് .. ഒടുവിൽ ഭ്രാന്തൻ പാപ്പിയും ഏതാനം തെരുവ് നായ്ക്കളും ഒരുമിച്ചാണ് സൗഹാർദ്ദപരമായി അത്താഴം കഴിക്കുന്നത്. പാതിരാത്രിയാവുമ്പോൾ എന്തതിശയമേ ദൈവത്തിൻ സ്നേഹം എന്നോ , ദൈവ കൃപയിൽ ഞാനാശ്രയിച്ച് എന്നോ ഒക്കെ ഉറക്കെ പാടി ഉറങ്ങുന്ന ഭ്രാന്തൻ പാപ്പിയേയാണ് നാട്ടുകാർക്ക് പരിചയം... പകല് ഉച്ചയ്ക്ക് മാളികവീട്ടിലെ അമ്മച്ചി കൊടുക്കുന്ന ഉച്ചഭക്ഷണം കഴിക്കും ... രാവിലെ ചായക്കടക്കാർ എന്തെങ്കിലും കൊടുക്കും ...

ഈ ഗ്രാമത്തിൽ വരുന്ന പതിവ് ഭ്രാന്തൻ പാപ്പി തുടങ്ങിയിട്ട് വർഷങ്ങളോളമായി ......അങ്ങനെ ഒരു ദിവസം മാളികവീട്ടിലെ ആണുങ്ങൾ എല്ലാം കുറച്ചകലെയുള്ള വയലിൽ വിത്ത് വിതയ്ക്കാൻ പോയിരിക്കുകയാണ്.

വീട്ടിൽ വേലക്കാർ ഉൾപ്പെടെ ആണുങ്ങൾ ആരുമില്ല, പിള്ളാര് അങ്ങ് തെക്കേ പറമ്പിൽ സാറ്റ് കളിച്ചു കൊണ്ടിരിക്കുകയാണ്...

പെട്ടെന്നാണ് ഒരു വലിയ ബഹളവും കരച്ചിലും പിഴിച്ചിലും കേട്ടത്, പിള്ളാരുടെ കൂടെ യുണ്ടായിരുന്ന മൂന്ന് വയസ്സുള്ള കൊച്ചുമോൾ തെക്കേ അറ്റത്ത് മൂലയ്ക്കുണ്ടായിരുന്ന ആഴമേറിയ വലിയ കുളത്തിൽ കാൽ തെറ്റി വീണ് പൊങ്ങിത്താഴുകയാണ്..

അയ്യോ ആരെങ്കിലും ഓടി വരണേ എന്ന ശബ്ദം മാത്രം കേൾക്കാം.

പെട്ടെന്ന് ആരൊക്കെയോ ഓടിക്കൂടുന്നു.

കളത്തട്ടിൽ കിടന്നിരുന്ന ഭ്രാന്തൻ പാപ്പിയും ഓടി കുളത്തിന്നരികത്തേക്ക്,

പാപ്പി ഒന്നും ആലോചിച്ചില്ല , കുളത്തിലേക്ക് എടുത്ത് ചാടി , നീന്തിച്ചെന്ന് കൊച്ചുമോളെ പൊക്കിയെടുത്ത് തിരിച്ച് കരയ്ക്കടുത്തു..

എവിടുന്നോ ഓടി വന്ന കൊച്ചു വൈദ്യൻ പ്രാഥമിക ശുശ്രൂഷകൾ ഒക്കെ ചെയ്തു.

വെള്ളം ഒത്തിരി വായിൽക്കൂടി വെളിയിലേക്ക് പോയി , കുഞ്ഞിന് ബോധം വീണു...

എഴുന്നേറ്റു .

എല്ലാവർക്കും സന്തോഷമായി...

കുഞ്ഞോയി മാപ്പിള (അപ്പച്ചൻ) വയലിൽ നിന്ന് സൈക്കിളിൽ പാഞ്ഞെത്തി. ഗ്രാമത്തിലെ ആദ്യത്തേ സൈക്കിളുടമയാണ് അപ്പച്ചൻ..

എല്ലാവരും അതുവരെ മറന്ന പാപ്പിയെ അപ്പച്ചൻ ശ്രദ്ധിച്ചു. പാപ്പി ആകെ നനഞ്ഞു മേലാകെ വെള്ളമൊലിപ്പിച്ച് മാവിൻ ചുവട്ടിൽ നില്ക്കുകയാണ്.

കുഞ്ഞോയി മാപ്പിള പാപ്പിയുടെ അടുത്തേയ്ക്ക്

നീങ്ങി..

എടാ പാപ്പി നീയെന്റെ കുഞ്ഞിന് പുതിയ ജീവൻ നല്കി, ദൈവം നിന്നെ അനുഗ്രഹിക്കും.

എടാ ശങ്കരാ, ബാർബറു കോന്നനെ എളുപ്പം വിളിച്ചോണ്ടു വാ , പാപ്പിയെ ഒന്ന് വൃത്തിയാക്കണം..

ഓയ് എടിയെ ,

അപ്പച്ചൻ അമ്മച്ചിയെ വിളിക്കുവാ...

എന്നാ മനുഷ്യനേന്ന് അമ്മച്ചി...

എടീ നീ രണ്ടു തുടം എണ്ണയും ഇത്തിരി ഇഞ്ചയും ഒരു വലിയ തോർത്തും കൊണ്ടു വാ...

ഇവനെയൊന്ന് മനുഷ്യക്കോലത്തിലാക്കാനാ..

ബാർബറ് വന്ന് പാപ്പിയുടെ താടിയെല്ലാം വടിച്ചെടുത്തു.

തല പറ്റ വെട്ടി..

പാപ്പി വിശാലമായ ഒരു കുളി നടത്തി.

അപ്പച്ചൻ അലക്കിത്തേച്ച ഒരു ഒറ്റമുണ്ടും ഒരു അരക്കൈയ്യൻ വെള്ള ഷർട്ടും പാപ്പിയ്ക്ക് കൊടുത്തു.

ഷർട്ട് സ്വല്പം ലൂസ് ആണ്.

പാപ്പി ആളാകെ മാറി

സുന്ദര കുട്ടപ്പനായി.

നല്ല വെളുത്ത നിറം,

നീലക്കണ്ണുകൾ ,

നാട്ടുകാർ ഉദ്ദേശിച്ച പ്രായമൊന്നുമില്ല.

കൂടിയാൽ ഒരു നാൽപ്പത്തിയഞ്ച് .

പാപ്പി നിർന്നിമേഷനായി അത്ഭുതസ്തബ്ധനായി നിൽക്കുകയാണ്.

എടാ നിനക്ക് കഴിക്കാൻ വല്ലതും വേണോ?

പാപ്പി ഒന്നും മിണ്ടുന്നില്ല...

അത് ഞാൻ തരമാക്കിക്കൊള്ളാം അപ്പച്ചാന്ന് ചായക്കടക്കാരൻ ഗോവിപ്പിള്ള...

അപ്പച്ചൻ ഒരു നൂറു രൂപാ നോട്ട് പാപ്പിയ്ക്ക് കൊടുത്തു...

എടാ പാപ്പി നിനക്ക് വീട്ടിൽ പോകാനുള്ള വഴിയറിയാമോ?

പാപ്പി ചിരിച്ചു.

എവിടാടാ നിന്റെ വീട്, കല്ലുപ്പാറയോ മറ്റോ അല്ലിയോ?

പാപ്പി പിന്നെയും ചിരിച്ചു.

അപ്പച്ചനെ തൊഴുതു ,

അമ്മച്ചിയുടെയടുത്ത് ചെന്ന് ചിരിച്ചു.

കുഞ്ഞിനേ വളരെ സ്നേഹപൂർവ്വം നോക്കി ,

നാട്ടുകാരെയെല്ലാം മാറി മാറി തൊഴുതു..

ഗോവിപ്പിള്ളയുടെ കടയിൽ നിന്നും ചായയും ബോണ്ടായും കഴിച്ചിട്ട് വണ്ടിയിൽ കേറി തിരുവല്ലായ്ക്ക് യാത്രയായി...

ഏകദേശം രണ്ടു വർഷം കഴിഞ്ഞ് മാളികപ്പറമ്പ് വീട്ടിന്റെ മുറ്റത്ത് യോഗ്യനായ ഒരു പുരുഷനും സുന്ദരിയും മിടുക്കിയുമായ ഒരു യുവതിയും നില്ക്കുന്നു..

പുരുഷൻ അമ്മച്ചിയേ എന്ന് മൂന്നാല് പ്രാവശ്യം നീട്ടി വിളിക്കുന്നു.

ഒടുവിൽ, അമ്മച്ചി നേര്യത് ശരിയാക്കിക്കൊണ്ട് ഇറങ്ങി വരുന്നു.

ആരാ, മനസ്സിലായില്ല എന്ന് അമ്മച്ചി...

ഞാനാ പാപ്പി ...

ഏത് പാപ്പിയെന്ന് അമ്മച്ചി?

ഞാനാ അമ്മച്ചി , ഭ്രാന്തൻ പാപ്പിയെന്ന് ചിരിച്ചോണ്ട് പാപ്പി...

എടാ..........

നീയങ്ങ് യോഗ്യനായിപ്പോയല്ലോടാ..

പാപ്പി ചിരിച്ചു...

ഈ സുന്ദരിക്കൊച്ച് ഏതാടാ !

എന്റെ കെട്ടിയോളാമ്മച്ചി..

എടാ, ഞങ്ങളെ ആരേയും അറിയിച്ചില്ലല്ലോടാ..

എല്ലാം പെട്ടെന്നായിരുന്നമ്മച്ചി...

ഉം....

ഇപ്പോ ഒരു പലചരക്കുകടയും സ്വല്പം റബ്ബറിന്റെ ബിസിനസ്സും കുറച്ചു കൃഷിയുമൊക്കെയുണ്ടമ്മച്ചി ... എല്ലാറ്റിനും കാരണം ഇവിടുത്തെ അപ്പച്ചനാണ് ..അപ്പച്ചന്റെ നൂറു രൂപായിൽ നിന്ന് തുടങ്ങിയതാണ് എല്ലാം ...

അപ്പച്ചനെന്തിയെ?

കണ്ടത്തിലാടാ, നാലുമണിയ്ക്ക് ചായ കുടിക്കാൻ വരും, നീയിരിക്ക്, കണ്ടേച്ചു പോയാൽ മതി ....

നീയിങ്ങു അകത്തേയ്ക്ക് കേറി വാടി പെണ്ണേ ....

**BE A LIFE MEMBER**

**Be a life member of Bishop Moore Colege Alumni Association by Paying Rs. 1000/-**

# ജോലിയില്ലാത്ത എഞ്ചിനിയറും രോഗിയായ ഡോക്ടറും !

സുനിൽ ഡി. കുരുവിള

കുട്ടികളുടെ പഠന – ജീവിത മികവ് വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. ഇന്ന് മിക്ക മാതാപിതാക്കളും കുട്ടികളുടെ മാർക്കും ഗ്രേഡും റാങ്കും മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. കുട്ടികളെ സ്കൂൾ നോക്കിക്കോളും എന്ന് ചിന്തിക്കുന്നവരും കുറവല്ല. എന്നാൽ നല്ല വിദ്യാഭ്യാസം ഭവനങ്ങളിൽ ആണ് ആരംഭിക്കേണ്ടത്.

മൂന്നു വയസ്സിലേ സ്കൂളിൽ ചേർത്ത് എല്ലാവരേയും 'പണക്കാരാക്കാനുള്ള' പരിപാടിയാണ് നമ്മുടെ വിദ്യാഭ്യാസം. പറ്റുമെങ്കിൽ LKG യിൽ തന്നെ ട്യൂഷനും തുടങ്ങും. ഇത് കുട്ടികളുടെ സുസ്ഥിരഭാവി ഉറപ്പുവരുത്താൻ സഹായിക്കുകയില്ല. അവരുടെ ശാരീരിക ആരോഗ്യം, മാനസീക നില, വൈകാരികത, ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങൾക്ക് സന്തോഷമായും സമഗ്രമായും വളർന്നുവരാൻ സഹായകരമായ ഒരു ഭവന അന്തരീക്ഷം വളരെ പ്രധാനമാണ്.

പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികളുടെ വളർച്ചക്ക് അതിപ്രധാനം ! നല്ല ആഹാരം നല്ല സംസ്കാരം കൂടിയാണ്, ഓർക്കാം ! ഒരു നേരമെങ്കിലും വീട്ടിലുള്ള എല്ലാവരും കൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നത് കുട്ടികൾക്ക് വലിയ ഗുണം ചെയ്യും. ഭക്ഷണ സമയത്തു പഠനവിഷയങ്ങളൊന്നും 'പൊക്കി ' ചർച്ചക്ക് കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം .

കുട്ടികളെ ചെറിയ പ്രായത്തിലെ ശുചിത്വവും മറ്റും ശീലിപ്പിക്കാം. കുട്ടികൾ നന്നായി ഉറങ്ങേണ്ടത് അവരുടെ സമഗ്ര വളർച്ചക്ക് അനിവാര്യമാണ്. കുട്ടികളുടെ ബുദ്ധി വളർച്ച എട്ടു-പത്തുവയസ്സുവരെയാണ് പ്രധാനമായും നടക്കുന്നത്. ഈ പ്രായത്തി ൽ അവരെ നന്നായി കരുതിയാൽ അവരുടെ ഭാവി നന്നാവും. കുട്ടികളുടെ വൈകാരിക പ്രതിഫലനങ്ങൾ ശ്രദ്ധിക്കണം ...ആവശ്യമെങ്കി ൽ മെച്ചപ്പെടുത്തണം. മാനസിക ആരോഗ്യവും കൂടുതൽ പരിപോഷിപ്പിക്കണം. കുട്ടികൾ നന്നായി ഓടിച്ചാടി സമപ്രായക്കാരോടൊത്തു കളിക്കണം. കളികൾ ശാരീരിക ആരോഗ്യത്തിനു മാത്രമല്ല വൈകാരിക മാനസീക ആരോഗ്യത്തിനും വളരെ ആവശ്യമാണ്. കൂട്ടുകൂടാനും വഴക്കുകൂടാനും വീഴാനും തോൽക്കാനും തർക്കിക്കാനും ഒക്കെ പഠിക്കാൻ വേറെ എവിടെയാണ് അവസരം കിട്ടുക?

സ്കൂൾ വിട്ടുവരുന്ന കുട്ടികളെ 'ട്യൂഷൻ' സെന്ററിൽ വെച്ച് പുഴുങ്ങി ഉണക്കി കളയരുത്. അവർ ഓടി ചാടി കളിക്കട്ടെ ! കുട്ടികൾ ഹാപ്പിയാണെന്നും active ആണെന്നും കുട്ടിക്കാലത്തെ ഉറപ്പാക്കാം .

അവരുടെ കഴിവുകളും അഭിരുചിയും ഒക്കെ ചെറിയ പ്രായത്തിലെ കണ്ടെത്താം പ്രോത്സാഹിപ്പിക്കാം. മാതാപിതാക്കളുടെ സ്വപ്നങ്ങൾ അവരുടെ മേൽവച്ച് കെട്ടാതിരിക്കാം! അവരെ ആരുമായും compare ചെയ്യാതിരിക്കാം. അവർ different ആണ് unique ആണ് original ആണ്. ഫോട്ടോകോപ്പി ആക്കാൻ ശ്രമിക്കാതിരിക്കാം .

അനാവശ്യ മത്സരതൃഷ്ണ അവരിൽ വളർത്താതിരിക്കാം . അവർ ആദ്യം സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും പഠിക്കട്ടെ. തോൽക്കാനും പഠിക്കേണ്ടതുണ്ട്. അമിതവാശിയും നിർബന്ധവും ഒന്നും സാധിച്ചുകൊടുക്കേണ്ടതില്ല. വിനയവും എളിമയും ശീലിപ്പിക്കാം .

ഉപദേശമല്ല സ്വയം മാതൃകയാവുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്.

ബഹുമാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ അവർ പഠിക്കുന്നത് ഭവന അന്തരീക്ഷത്തിൽ നിന്ന് തന്നെയാണ്. അതിനുള്ള ധാരാളം മുഹൂർത്തങ്ങൾ കുഞ്ഞുങ്ങൾക്കായി സൃഷ്ടിക്കാം .

കുട്ടികൾക്കായി മാതാപിതാക്കൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം സമയമാണ്. ഗുണമേന്മയുള്ള സമയം. കഥപറയാനും ആശയങ്ങൾ പങ്കുവെക്കാനും വിജ്ഞാനം നൽകാനും ലക്ഷ്യബോധം സൃഷ്ടിക്കാനും പഠന താല്പര്യം വർദ്ധിപ്പിക്കാനും ഒക്കെ ഈ സമയം ഉപയോഗ പ്പെടുത്താം. കെട്ടിപ്പിടിക്കാനും ഉമ്മകൊടുക്കാനും അവരോടൊത്തു കളിക്കാനും തമാശ പങ്കിടാനും ഒന്നും ഒട്ടും പിശുക്കുകാട്ടേണ്ട.

മാതാപിതാക്കൾ ക്ഷമയും തൃപ്തിയുമുള്ളവരായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളുടെ കാര്യത്തിൽ അമിതമായി ധൃതികാട്ടരുത്. കുട്ടികളുടെ താളവും തലവും മനസിലാക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. അവരെ അംഗീകരിക്കാനും support ചെയ്യാനും മറക്കേണ്ട. മിടുക്കു കുറവുള്ള കുട്ടികളെ കൂടുതൽ കരുതുകയും സ്നേഹിക്കുകയും വേണം . കൂടെയുണ്ട് എന്നുള്ള വിശ്വാസം അവരിൽ സൃഷ്ടിക്കണം . ആത്മവിശ്വാസം നൽകി അവരെ മെച്ചപ്പെടുത്താം. ചെറിയ പ്രായത്തിലെ അവരിൽ ആത്മഭിമാനം വളർത്തണം . അവരെ എന്തിനെല്ലാം കൊള്ളാമെന്നും, അവരുടെ ശക്തിയും മികവും എവിടെയാണെന്നും അവരെ ബോധ്യപ്പെടുത്തണം! കുറവുകളെ ഒരുപാടു 'project' ചെയ്യേണ്ട.

സന്തോഷമുള്ള ബാല്യവും, ആത്മവിശ്വാസമുള്ള കൗമാരവും അവരിൽ ഉറപ്പാക്കുക. അവരെകണ്ടെത്താൻ അവരെ സഹായിക്കുക.

*" താനാരെന്നറിയണം തന്നെത്താൻ അറിയണം "*
**(കുഞ്ഞുണ്ണി മാഷ്)**

വിദ്യാഭ്യാസം വെറും സാക്ഷരതയല്ല. അത് വെറും എഴുത്തും വായനയും ശാസ്ത്രവും കണക്കും മാത്രമല്ല. അതൊരു വ്യക്തിയുടെ സാംസ്കാരിക രൂപാന്തരമാകണം. നല്ല നൈപുണ്യങ്ങളും മനോഭാവവും സ്വഭാവവും അച്ചടക്കവും നല്ല വിദ്യാഭ്യാസം ഉറപ്പാക്കും. ഉയർന്ന മൂല്യങ്ങളും ലക്ഷ്യവും നല്ല വിദ്യാഭ്യാസം അവരിൽ ഉറപ്പിക്കും !

ദുരഭിമാനം വെടിയാം, കുട്ടികൾ അവർക്കു യോജിക്കുന്ന മേഖലകളിൽ വിദ്യ അഭ്യസിക്കട്ടെ . എല്ലാവരും ഡോക്ടർ ആയാൽ വൃത്തികേടായിരിക്കും ! എല്ലാവരേം engineer ആക്കേണ്ട. ഒരു നല്ല mechanic ആണ് തോറ്റ engineer നേക്കാൾ നല്ലതു. കഴിവില്ലാത്ത ഡോക്ടറിനേക്കാൾ എത്രയോ വലുതാണ് മികച്ച ഒരു തയ്യൽക്കാരൻ. കളിയും കലയും സാംസ്കാരിക പ്രവർത്തനവും ഒക്കെ അവർ പഠനത്തോടൊപ്പം ശീലിക്കട്ടെ. അവർ അവരെ കണ്ടെത്തട്ടെ. അതിനു അവരെ സഹായിക്കാം .

കൗൺസിലിംഗും മാർഗനിർദ്ദേശവും ഒക്കെ സമയത്തു നൽകാം . സ്കൂളിലും പള്ളിയിലും ഒക്കെ ഇത് ഉറപ്പുവരുത്താം . കുടുംബമായിത്തന്നെ guidance ഒക്കെ എടുക്കുന്നത് വലിയ ഗുണം ചെയ്യും. സന്തോഷവും ക്ഷമയുമുള്ള മാതാപിതാക്കൾ കുട്ടികളെ വളരെ ഉയരത്തിൽ എത്തിക്കും. നിരന്തരമായി പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ കുട്ടികൾക്ക് വലിയ inspiration ആയിരിക്കും, സംശയമില്ല. അവർ നിരാശരാവുകയുമില്ല!

കുഞ്ഞുങ്ങൾക്കായി നല്ല അദ്ധ്യാപകരെ കണ്ടെത്താം . അവരെ തിരുത്താനും ക്രമീകരിക്കാനും മോട്ടിവേറ്റ് ചെയ്യാനും ഒക്കെ കഴിയുന്നവർ... അവരുടെ കണ്ണുകളിൽ അവർക്കുള്ള സിലബസ് കണ്ടെത്താൻ കഴിയുന്നവർ... ഒരു ഭാഗ്യമാണ്! അങ്ങനെയുള്ളവരെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ബഹുമാനിക്കാനും കഴിയട്ടെ .

കുട്ടികളെ പഠിക്കാൻ പഠിപ്പിക്കേണം . അടുക്കും ചിട്ടയും സ്ഥിരതയും discipline ഉം respect മാണ് അതിന്റെ അടിസ്ഥാനമാകേണ്ടത്. പഠനം അഭിമാനമാക്കണം! പഠനത്തെ സ്നേഹിക്കാനും ഉയർന്നലക്ഷ്യങ്ങൾ രൂപീകരിക്കാനും അവരെ പ്രാപ്തമാക്കാം. വിദ്യാഭ്യാസത്തിന്റെ ആധുനികലോകത്തെ പ്രാധാന്യവും അതിലൂടെ ലഭിക്കുന്ന സാധ്യതകളും ഒക്കെ അവർ നേരത്തെ മനസ്സിലാക്കട്ടെ ...

**Career Guidance:**

കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സു മുതൽ ഉള്ളവർക്ക് CAREER മാർഗനിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം ... അതിലേക്കുള്ള വഴിയെന്തു... എവിടെ പഠിക്കണം ... develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം ...തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ശരിയായ CAREER അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും .

കച്ചവട താല്പര്യം മാത്രം മുൻനിർത്തി നടത്തുന്ന 'ഉപരിപഠന സെമിനാർ' exhibition ഒക്കെ വലിയചതി കുഴികളായേക്കാം. സൂക്ഷിക്കുക. 'വിദഗ്ദ്ധ' മാർഗ്ഗ നിർദ്ദേശം എല്ലാം അത്ര വിദഗ്ദ്ധമല്ല. ഫ്രീ ഒന്നും സ്വീകരിക്കാതിരിക്കുന്നതു നന്ന്.

ഡിഗ്രികൾ മാത്രം പോരാ, ഉയർന്ന മനോഭാവവും നൈപുണ്യങ്ങളും തിരിച്ചറിവും കൂടി ഒന്നിച്ചുചേരുമ്പോഴാണ് സാദ്ധ്യതകൾ പിറക്കുന്നത്.

**പറന്നുയരട്ടെ നമ്മുടെ യുവത,**
**അർത്ഥവത്താവട്ടെ അവരുടെ ജീവിതം!**

# Academic Subcommittee - Report

Academic Committee of Alumni Association was constituted to assist the Institution for securing higher grade of Accreditation by organising various academic activities with the approval of College Authorities. Conducting Seminars/Workshops/Webinars/ to cover the void between curriculum and the latest developments in subject/ Technology and organising Awareness and motivational programs for the benefit of students are the important goals of academic committee.

The first meeting of the Academic Committee was held on 20th February 2022 through online platform. Committee decided to organize a series of seminars for students and Alumni members.

The Second meetng was held on 5th April 2022. A name for the seminar series, *"Chinthasarani"* was coined by Prof. V C John. The seminar series- *Chinthasarani*- was inaugurated by Smt. Sheela Thomas IAS (Rtd.) ( CMD, Rubber Board, Former Additional Chief secretary and our Alumna) on 5th March 2022.The inaugural ceremony was followed by the first webinar "Climate crisis & Glasgow summit -COP26". The short inaugural meeting was presided over by Sri. K G Mukundan, president of Alumni Association. General Secretary of Alumni Association Sri. S Joseph welcomed the gathering. Principal Dr.Jacob Chandy delivered the Keynote Address. Dr. Sherly P. Anand , Convenor of the Academic sub-committee introduced the resource person of the Seminar, Smt. Avanthika Goswami, Dy. Programme Manager on Climate Change, CSE, New Delhi, who presented a paper on Climate Crisis and Glasgow Summit-COP26. Dr. Ranjith Mathew Abraham (Vice Principal & Academic Committee Member)proposed Vote of thanks. There were 131 participants in the webinar.

The Second webinar of Chintha sarani was conducted on 23rd May 2022 at 7.30 pm. The webinar was presided over by Sri. K. G. Mukundan, President of Alumni Association. General Secretary Sri. S Joseph welcomed the gathering. Principal Dr.Jacob Chandy delivered the Keynote Address. Dr. Sherly P. Anand , Convenor of the Academic sub-committee introduced the resource person of the Webinar, Prof. Dr. K Jayaprasad, Department of International relations and Politics. Central University of Kerala, Kasargod.( Former Pro Vice Chancellor, Central University of Kerala). Dr. Sabu George, Former Principal & Academic Committee Member expressed Vote of thanks. There were 90 participants in the webinar .

**Dr. Sherly P. Anand**
Convenor

## കുടുംബ സംഗമം

**പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ വിപുലമായ കുടുംബ സംഗമം 2023 ജനുവരി 26 ന് കോളേജിൽ നടക്കും. ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന വ്യത്യസ്തമായ പ്രോഗ്രാമുകൾ സംഗമത്തിന്റെ ഭാഗമായുണ്ടാകും. വിശദ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.**

**2023 ജനുവരി 26 കുടുംബ സംഗമത്തിനായി മാറ്റി വെക്കുക.**

# Literary Subcommittee – Report

**T**he Literary Committee of Bishop Moore Alumni Association was constituted to develop the literary and aesthetic sensibility of the younger generation. The committee envisions a creative space for the alumni, to share and discuss their work and a platform for the younger generation to acquaint themselves with the literary pursuits of their seniors. Prof. V.C. John proposed the name *"Sarga Sameeksha"* for all the programmes under the ambit of the Literary Committee. *"Pustaka Peruma"* was agreed as the name for the programme introducing books by our former students.

The first edition of *"Pustaka Peruma"* was conducted on 19 February 2022. The online meeting was presided by Sri. K.G. Mukundan, President of the Alumni Association, General Secretary Sri. Joseph S welcomed the participants. Dr. Jacob Chandy, Principal, Bishop Moore College, inaugurated the programme. The online meeting was an interface with Mr. K.S. Premachandra Kurup IAS (Rtd.), Prof. (Dr.) C. GopinathaPillai and Mr. Jayakumar Krishna. The authors introduced their books *ലീഡർക്കൊപ്പം മൂന്നരപ്പതിറ്റാണ്ട്, വസന്തം വഴിമാറിയപ്പോൾ-കുന്ദേരയുടെ നോവലുകളിലൂടെ,വ്ലാഡിമർ പുട്ടിനും പുട്ടും* respectively. Adv. Koshy M. Koshy, Dr. Raju Vallikunnam and Adv. K.R. Muraleedharan reviewed the three books. This was followed by a question answer session where the authors threw more light on their creative endeavour. Dr. Divya S, Convenor of the Literary Committee proposed the vote of thanks.

The second edition of "Pustaka Peruma" was conducted on 28 June 2022. Seven books were introduced during the meeting; Dr. K. Geethakumar's *കനലുകൾ അണയാതെ,* Brig. Dr. V.D. Abraham's *A Pilgrimage to Peace*, Sri. Muraleedharan Thazhakara's *കൃഷിയുടെ നന്മപാഠങ്ങൾ,* Smt. R.Lopa's *വൈക്കോൽപാവ,* Sri. K. S. Reji's *മുയൽ ഒരു മാംസഭോജിയാണ്,* Sri. B. Somasekhara Unnithan's *ഗതികേടിന്റെ ഓർമ്മപുസ്തകം* and Sri. Thomsan K Mathew's *A Seminar Dean's Experiment with Servant Leadership.* The introductory session was followed by a discussion regarding the books. Dr. Divya S, Convenor of the Literary Committee proposed the vote of thanks.

**Divya S.**
Convenor

വിവിധ ബാച്ചുകളിലെ പൂർവ്വ വിദ്യാർത്ഥി കൾ കോളേജിലൊ,മറ്റിങ്ങളിലൊ പ്രത്യേകം ഒത്തുചേർന്ന് കലാലയ സ്മരണകൾ പുതുക്കുന്നതായി അറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. അങ്ങനെ ഒരുമിച്ചു കൂടുന്ന വിവരം പ്രിൻസിപ്പലി നെയും പൂർവ്വ വിദ്യാർത്ഥി സംഘടന ഭാരവാഹികളെയും അറിയിക്കുക 'കൂടിച്ചേരലിനു ആവശ്യമായ സഹകര ണത്തിനും മാതൃസംഘടനയുമായുള്ള കെട്ടുറപ്പിനും ഇത് കൂടുതൽ സഹായകമാകും. ഫെയ്സ്ബുക്കിലൂടെയും വാട്സ് ആപ്പിലൂടെയും മറ്റ് സാമുഹിക മാദ്ധ്യമങ്ങളിലൂടെയും ഒത്തു ചേരലിന് പ്രചാരണം നൽകുവാനും ശ്രദ്ധിക്കുമല്ലൊ.

നിങ്ങളുടെ ഔദ്യോഗിക രംഗത്തെയൊ മറ്റു മണ്ഡലങ്ങളിലെയൊ നേട്ടങ്ങൾ 'മാ'യ്ക്ക് എഴുതി അയയ്ക്കുക 'അക്കാര്യം 'മാ'യിൽ പ്രസിദ്ധീകരിക്കാനാവും.

# DOCTORS FORUM REPORT

A group of doctor ALUMNI of Bishop Moore College was formed as per the general body meeting held at College seminar hall. 20 doctors' phone numbers were collected and a WhatsApp group was formed for exchange of ALUMNI matters. First meeting of the group was conducted on the virtual platform for forming common guidelines and areas of activities by the forum on 30 Jan 2022.

1. First interactive presentation of medical topic was done on 02 Feb 22 on virtual platform. An ALUMNI of us Dr Saji Philip , noted paediatric cardiac surgeon ,MM hospital Thiruvalla talked on his innovative software for the early identification for rectification of congenital cardiac abnormalities in new borne and intra uterine babies. The talk was inaugurated by MLA, Mavelikara M.S. Arun Kumar. Mr. K.G. Mukundan, president, Mr. S.Joseph, Secretary, Dr S. Narayanan Nair, group convener, Dr. Jacob Chandy, Principal. Organising Secretary Hari Babu spoke.
2. On 14/02/22.Dr Geetha Kumar participated in the "Pusthakaperuma" by presenting his literary publication.
3. Webinar on Diabetic Related kidney diseases was presented by our Alumnus Dr. Geo Philip John, noted Nephrologist Belivers Church Medical College, Thiruvalla on 20 March 2022. Meeting was inaugurated by president, K.G. Mukundan, the presentation was chaired by Dr.Narayanan Nair. Vote of thanks by Mr. S. Joseph, Secretary. Active discussion followed.
4. Dr.Narayanan Nair presented the medical whereabouts regarding the congenital cardiac problem of Sivasankar, Son of Nisha,our ALUMNI and the need of a financial assistance on 09 August 2022. Our Alumnus Dr. M.G. Pillai, renowned cardiologist of BOMBAY actively participated in the analysis of the child's Medical status and offered any professional help if needed.
5. We plan for further interactive sessions post onam. And live discussions interactive college as and when permitted.

   Expecting all co operation from ALUMNI office bearers and college principal Dr Jacob Chandy.

**Dr.S Narayanan Nair**
**Convenor**

# ചാപ്ടർ ഫോർമേഷൻ കമ്മിറ്റി റിപ്പോർട്ട്

പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലവും സജീവവും ആക്കുന്നതിനു ലക്ഷ്യമിട്ട് രൂപീകരിച്ച ചാപ്ടർ ഫോർമേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂടുതൽ ചാപ്ടറുകൾക്ക് രൂപം നൽകാനായി. കോളേജ് സ്ഥിതി ചെയ്യുന്ന കല്ലുമലയിൽ തന്നെ ഒരു ചാപ്ടർ ആവശ്യമാണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം തന്നെ അതിനു രൂപം നൽകി. 2022 മാർച്ച് 31 ന് കോളേജിൽ വെച്ച് പ്രിൻസിപ്പാൾ ഡോ.ജേക്കബ്ബ് ചാണ്ടി ചാപ്ടർ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ.ജി.മുകുന്ദനും ജനറൽ സെക്രട്ടറി ജോസഫ് എസും മറ്റും ഭാരവാഹികളും പങ്കെടുത്തു.

കല്ലുമല ചാപ്ടറിലെ അംഗങ്ങൾക്കായി കോളേജിലെ സുവോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ വെർമി - കമ്പോസ്റ്റ് പ്രിപ്പറേഷനും കൂൺ കൃഷി പരിശീലനവും വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. രണ്ടു ക്ലാസുകളിൽ നിന്നും കിട്ടിയ പരിശീലനം അംഗങ്ങൾ വീടുകളിൽ പ്രാവർത്തികമാക്കി. ഇത് കൂടുതൽ വീടുകളിലേക്ക് വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നു . വെള്ളം, മണ്ണ് പരിശോധനക്ക് കോളേജിലുള്ള സൗകര്യം കല്ലുമല ചാപ്ടറിലെ അംഗങ്ങളുടെ വീട്ടുകളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങളും നടന്നു വരുന്നു.

മാവേലിക്കര ചാപ്ടറിന്റെ രൂപീകരണവും ഈ കാലയളവിൽ നടന്നു. ചാപ്ടറിന്റെ ഉദ്ഘാടനം ജൂലായ് 30 ന് കോളേജിൽ വെച്ച് പ്രിൻസിപ്പാൾ നിർവ്വഹിച്ചു.

കറ്റാനത്ത് പുതിയ ചാപ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നിലവിൽ പ്രവർത്തനം മുടങ്ങിക്കിടക്കുന്ന തിരുവനന്തപുരത്തെയും കായംകുളത്തേയും ചാപ്ടറിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

എറണാകുളത്തും ബാംഗ്ളൂരിലും ചാപ്ടറുകൾ രൂപീകരിച്ചു കഴിഞ്ഞു.

എറണാകുളം ചാപ്റ്ററിന്റെ രൂപീകരണയോഗം ഒക്ടോബർ 8 ന് എറണാകുളം ഐ. എം. എ. ഹൗസിൽ നടന്നു. പങ്കാളിത്തം കൊണ്ട് പ്രാധാന്യം കിട്ടിയ യോഗം കെ. ജി. മുകുന്ദന്റെ അദ്ധ്യക്ഷതയിൽ കൂടി ചാപ്റ്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികളുടെ യോഗം നവംബർ ഒന്നിന് കൂടി വിപുലമായ കുടുംബസംഗമം ഡിസംബർ 3 ന് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്

ബാംഗ്ളുർ ചാപ്റ്ററിന്റെ രൂപീകരണയോഗം ഒക്ടോബർ 15 ന് കൂടി ഭാരവാഹികളെ തിരഞ്ഞെടുത്തു. ഓൺലൈനായി കൂടിയ യോഗത്തിൽ പ്രസിഡന്റും ജനറൽ സെക്രട്ടറിയും പങ്കെടുത്തു.

**പീ. കെ. തുളസീദാസ്**
കൺവീനർ

## ചാപ്റ്റർ ഭാരവാഹികൾ

**കല്ലുമല:**
കെ. കെ. സുധാകരൻ (പ്രസിഡന്റ്)
സനിൽ കുമാർ. എസ് (വൈ. പ്രസിഡന്റ്)
റോയ് കുര്യൻ (സെക്രട്ടറി )
ജേക്കബ് വർഗ്ഗീസ് (ജോ. സെക്രട്ടറി )

**മാവേലിക്കര:**
കോശി ജോൺ (പ്രസിഡന്റ്)
ജയൻ അലക്സ് (വൈ. പ്രസിഡന്റ്)
വർഗ്ഗീസ് പോത്തൻ (സെക്രട്ടറി )
ജി. ശ്രീകുമാർ (ജോ. സെക്രട്ടറി )

**എറണാകുളം:**
എ. മുരളീധരൻ (പ്രസിഡന്റ്)
എലിസബത്ത് മാമൻ (വൈ. പ്രസിഡന്റ്)
ചെറിയാൻ ഫിലിപ്പ് (സെക്രട്ടറി )
മറിയാമ്മ ജോർജ്ജ് (ജോ. സെക്രട്ടറി )

**ബാംഗ്ളൂർ**
കേണൽ എസ്. ഹരിപ്രസാദ് (പ്രസിഡന്റ് )
ഷോയി ആൻഡ്രൂസ് (സെക്രട്ടറി )
സ്നേഹ സൂസൻ കോശി ( ജോ. സെക്രട്ടറി )

# കൾച്ചറൽ കമ്മിറ്റി റിപ്പോർട്ട്

അലുമ്നി അസ്സോസിയേഷന്റെ കീഴിലുള്ള കൾച്ചറൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ *കലാവല്ലരി* എന്ന പേരിലാണ് വിവിധ പരിപാടികൾ അവതരിപ്പിച്ചത്. എല്ലാ പരിപാടികളും വൈകിട്ട് 7 നു തുടങ്ങുന്ന ഓൺലൈൻ പരിപാടികളായിരുന്നു. ആദ്യ പരിപാടി 2022 ഫെബ്രുവരി 22 നായിരുന്നു കഥകളിയും ഡാൻസും പാട്ടും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു ആ പരിപാടി.

രണ്ടാമത്തെ പരിപാടി 2022 ജൂലൈ 23 ന് കെ.പി. എ.സി. ലളിതക്കു പ്രത്യേകമായി സമർപ്പിച്ചുള്ള തായിരുന്നു. ഇതിൽ കെ.പി. എ.സി. ലളിതയെക്കുറിച്ചുയുള്ള അനുസ്മരണ പ്രഭാഷണവും അവർ അഭിനയിച്ച ചില അവിസ്മരണീയ മുഹൂർത്തങ്ങളും പാട്ടും നൃത്തവുമെല്ലാം ഉൾക്കൊള്ളിച്ചിട്ടു ണ്ടായിരുന്നു. അതിനു പുറമെ ആർട്ടിസ്റ്റ് ഭട്ടതിരിയുടെ കലിഗ്രഫിയെകുറിച്ചുള്ള പ്രഭാഷണവും പ്രദർശ നവും ഉണ്ടായിരുന്നു

മൂന്നാമത്തെ പരിപാടി ഓണത്തോടാനുബന്ധിച്ചു നടത്തിയ *ഈണത്തിലൊരു ഓണം* പരിപാടിയായിരുന്നു. അത് 2022 സെപ്റ്റംബർ 1 നായിരുന്നു. പൂക്കളവും, തിരുവാതിരയും, വിദേശ ഓണാനുഭവങ്ങളും, ഉപകരണ സംഗീതവും, പാട്ടും നൃത്തവും എല്ലാം അടങ്ങുന്നതായിരുന്നു ഈ പരിപാടി.

പരിപാടികളിൽ അസോസിയേഷൻ പ്രസിഡന്റ് കെ.ജി.മുകുന്ദൻ, ജന. സെക്രട്ടറി ജോസഫ്.എസ്, അഡ്വൈസറി ബോർഡ് ചെയർമാൻ പ്രൊഫ. വി.സി. ജോൺ, കെ.പി. എ.സി. സെക്രട്ടറി അഡ്വ. എ. ഷാജഹാൻ എന്നിവർ സംസാരിച്ചിട്ടുണ്ട്. പരിപാടികൾ അവതരിപ്പിച്ചിട്ടുള്ളത് ബിഷപ്പ് മൂർ കോളേജി ലെ വിദ്യാർഥികളോ പൂർവ വിദ്യാർത്ഥികളോ അവരുടെ കുടുംബങ്ങളോ ആണ്. പരിപാടി കളെക്കുറിച്ച് വിവരണങ്ങൾ നൽകിയത് കൾച്ചറൽ കമ്മിറ്റി കൺവീനർ ബി. സോമശേഖരനുണ്ണിത്താനും കമ്മിറ്റി അംഗം അലക്സ് കെ. കോശിയുമാണ്

**ബി.സോമശേഖരൻ ഉണ്ണിത്താൻ**
കൺവീനർ

# സ്പോർട്ട്സ് കമ്മിറ്റി റിപ്പോർട്ട്

സ്പോർട്ട്സ്കമ്മിറ്റി ബിഷപ്പ് മൂർ കോളേജ് ബാസ്ക്കറ്റ് ബോൾ അക്കാദമിയുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. അക്കാദമിയുടെ നേതൃത്വത്തിൽ മാവേലിക്കരയിലും പരിസര പ്രദേശങ്ങളിലുമുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്ക് കോളേജ് വനിത ഹോസ്റ്റലിലെ കോർട്ടിൽ മികച്ച നിലയിൽ പരിശീലനം നടത്തി വരുന്നുണ്ട്. അവധിക്കാല പരിശീലനത്തിൽ എഴുപതോളം വിദ്യാർത്ഥിനികളാണ് പങ്കെടുത്തത്. പരിശീലനത്തിന്റെ സമാപനത്തിൽ കെ.എസ്.ഇ.ബി.വനിതാ ടീമംഗങ്ങൾ കോച്ച് അജു ജേക്കബ്ബിന്റെ നേതൃത്വത്തിൽ എത്തിയിരുന്നു. ഇന്ത്യൻ താരം തമിഴ്നാട് ടീം ക്യാപ്ടനുമായ വിനീത് രവി മാത്യുവും പങ്കെടുത്തു. ടീമംഗങ്ങൾക്ക് സംഘടനയുടെ വകയായി ഉപഹാരങ്ങൾ സമ്മാനിച്ചു.

സ്പോർട്ട്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ, കോവിഡ് കാരണം കഴിഞ്ഞ വർഷങ്ങളിൽ മുടങ്ങിപ്പോയ ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് ഈ വർഷം നടത്തുവാൻ ആലോചിക്കുന്നു. കോർട്ടിന്റെ അറ്റകുറ്റപ്പണി പൂർത്തിയായാലുടൻ ടൂർണമെന്റ് നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**അഡ്വ.കെ.രാമകൃഷ്ണൻ ഉണ്ണിത്താൻ**
കൺവീനർ

# 'മാ'

- **MA** **Moore Alumni** യുടെ ചുരുക്കപ്പേര്

  Name of the magazine published by
  Mavelikara Bishop Moore College Old Students Association.

- **MA** (Noun) Short form for Mamma (Advanced Learners Dictionary)

- **MA** (Stands for) Our Alma Mater (alma ma:t (r) )
  Latin expression literally means Bountiful mother, benign mother.
  മാതൃവിദ്യാലയം, പൂർവ്വവിദ്യാർത്ഥികൾ
  സ്വന്തം സ്ക്കൂളിനേയോ സർവ്വകലാശാലയേയോ പരാമർശിക്കാൻ
  ഉപയോഗിക്കുന്ന പദം
  (ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം ഡിക്ഷനറി- ടി. രാമലിംഗംപിള്ള)

- **MA** **Meet Again** (നാം പരസ്പരം പിരിയുമ്പോൾ നടത്തുന്ന ആഹ്വാനം)

- **MA** **Mother Adores** (You)

- **മ** (നാമം) ബ്രഹ്മാവ്, വിഷ്ണു, ശിവൻ (ശബ്ദതാരാവലി)

- **മ** ഈ അക്ഷരത്തിന് ശ്രീ (ഐശ്വര്യം) മാതാവ്, എന്നീ അർത്ഥങ്ങൾ ഉണ്ടെന്ന്
  അഗ്നിപുരാണം, 348-ാം അദ്ധ്യായത്തിൽ കാണുന്നു
  (പുരാണിക് എൻസൈക്ലോപീഡിയ)

- **മാ** (വിശേഷണം) മഹാ, ശ്രേഷ്ഠമായ (മാമുനി),
  വലുതായ (മാമല) (നാമം) ലക്ഷ്മീദേവി, സമ്പത്ത്, മാതാവ്, ജ്ഞാനം (തമിഴ്)
  അഴക്, അളവ്, മാവ്, കുതിര, വയൽ (ശബ്ദതാരാവലി)

- **മാ** അരുത് എന്ന അർത്ഥത്തെ കുറിക്കുന്ന ഒരു അവ്യയം (സംസ്കൃതം).
  ഉദാ: മാ നിഷാദ. തിന്മയെ വിലക്കാനുള്ള മാർഗം. മാനവൻ, മാതൃക, മാനം, മാർഗ്ഗം
  ഇവയൊക്കെ **മാ**യിൽത്തന്നെ തുടങ്ങുന്നു.

- **മ** അമ്മ (മാതാ) എന്നവാക്ക് ലോകത്തിൽ ഏറ്റവുമധികം ഭാഷകളിലും
  'മ'(M)യിൽ ആരംഭിക്കുന്നു.

കവർ ചിത്രം : ആഷിഖ് മാത്യു
ഗ്രാഫിക്സ് & കവർ ലേ ഔട്ട്: ഇമേജ്തഴക്കര
9747947623

GERMAN

IELTS

OET

OSCE
CBT

PTE
TOEFL

FLUENCY

MOH

DHA
PROMETRIC

NCLEX-RN




B-GHUD
ACADEMY
MAVELIKARA, KOCHI & ANGAMALY

9497786999
7736978420

8848527365
8089680908

OUR 25TH YEAR

# B-GHUD ACADEMY

## MAVELIKARA, KOCHI & ANGAMALY




**LEARN FROM THE AUTHORS OF 7 BEST SELLING BOOKS ON IELTS & OET**

**IELTS, OET, ENGLISH FLUENCY, GERMAN, PTE / TOEFL, NCLEX-RN, MOH, HAAD, CBT, OSCE, DHA ETC.**

**LEAN TO LEAD.**
**OPPORTUNITIES APLENTY IN PROGRESSIVE NATIONS.**
**ENHANCE YOUR EMPLOYABILITY, EXCEL IN INTERVIEW SKILLS & BROADEN YOUR HORIZONS.**

For more info.
9497786999, 7736978420, 8089680908
www.bghud.com

9747947623